# ദി ഡിഫെൻഡർ

Vol. No. 11 Issue No. 3 RNI Reg. No. 68089 / 97 Published From Perumbavoor 2008 February 1 Price: Rs.100/- P.A.


## മോനായി പറയുന്നത് കള്ളം: പാസ്റ്റർ ഏബ്രഹാം ജോസഫ്



പെരുമ്പാവൂർ ശാരോൻ സഭയുടെ പാസ്റ്ററായ ഏബ്രഹാം ജോസഫ് മോനായിക്ക് കത്തയച്ചു എന്ന് മോനായി സ്വന്തം പത്രമായ സുഭാഷിതത്തിൽ എഴുതിയത് കള്ളമാണെന്ന് പാസ്റ്റർ ഏബ്രഹാം ജോസഫ് വ്യക്തമാക്കി. റ്റി.എസ്.ബാലനെ സഭയിൽ നിന്നും പുറത്താക്കിയിട്ടില്ല എന്ന് പാസ്റ്റർ ഏബ്രഹാം ജോസഫ് മോനായിയെ അറിയിച്ചു എന്നാണ് സുഭാഷിതത്തിന്റെ ജനുവരി ലക്കത്തിൽ പറയുന്നത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് പാസ്റ്റർ ഏബ്രഹാം ജോസഫ് മോനായിക്ക് അയച്ച കത്തിന്റെ പ്രസക്ത ഭാഗങ്ങൾ:

''ഞാൻ അയച്ചുതന്നത് എന്ന കുറിപ്പോടെ ഒരു കത്ത് സുഭാഷിതത്തിന്റെ ജനുവരി 2008 ലക്കത്തിൽ കാണുവാൻ ഇടയായി. ഞാൻ നിങ്ങൾക്കോ മറ്റാർക്കെങ്കിലുമോ അത്തരമൊരു കത്ത് അയച്ചിട്ടില്ല, അയയ്ക്കേണ്ട ആവശ്യം ഉണ്ടായിട്ടുമില്ല. എന്നാൽ, ഞാൻ പാസ്റ്ററായിരിക്കുന്ന പെരുമ്പാവൂർ ശാരോൻ സഭയിലെ അംഗമായ റ്റി.എസ്. ബാലൻ ആവശ്യപ്പെട്ടതനുസരിച്ച് അത്തരം ഒരു സർട്ടിഫിക്കറ്റ് റ്റി.എസ്.ബാലന് നൽകിയിട്ടുണ്ട്. ആ സർട്ടിഫിക്കറ്റിൽ പറയുന്ന കാര്യങ്ങൾ പൂർണ്ണമായി സത്യവുമാണ്. പക്ഷേ ഞാൻ റ്റി.എസ്.ബാലനു കൊടുത്ത സർട്ടിഫിക്കറ്റിന്റെ കോപ്പി റ്റി.എസ്.ബാലനോ മറ്റാരെങ്കിലുമോ നിങ്ങൾക്കു തന്നിട്ടുണ്ടെങ്കിൽ അത് ഞാൻ നിങ്ങൾക്ക് അയച്ചുതന്നതാണ് എന്നു പറയുന്നത് ശരിയായ നടപടിയല്ല. തെറ്റിദ്ധാരണ പരത്തുന്ന വിധത്തിൽ വാർത്ത കൊടുത്തത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. പത്രധർമ്മത്തിനു നിരക്കാത്ത നടപടിയായിപ്പോയി ഇത് എന്നു പറയാതെവയ്യ. ഐ.പി.സിയിലെ ഒരു പാസ്റ്റർ ഇങ്ങനെ ചെയ്യുമെന്ന് ഞാൻ കരുതിയില്ല.''

എന്തിനാണ് മോനായി ഇത്തരം ഒരു തറവേല ഇറക്കിയതെന്നു വിശദീകരിക്കാം. റ്റി.എസ് ബാലനെ അച്ചടക്ക ലംഘനത്തിന് ശാരോനിൽ നിന്നും പുറത്താക്കി എന്ന് മോനായി സ്വന്തം പത്രമായ സുഭാഷിതത്തിൽ എഴുതി. ഈ പ്രസ്താവന പിൻവലിച്ച് മാപ്പു പറഞ്ഞില്ലെങ്കിൽ മാനനഷ്ടക്കേസ്സ് കൊടുക്കുമെന്നു വ്യക്തമാക്കി റ്റി.എസ്.ബാലൻ മോനായിക്ക് വക്കീൽ നോട്ടീസ് അയച്ചു. ബാലൻ ഇപ്പോഴും സഭയിലെ അംഗമാണെന്നു വ്യക്തമാക്കിക്കൊണ്ട് പാസ്റ്റർ ഏബ്രഹാം ജോസഫ് നൽകിയ സർട്ടിഫിക്കറ്റും നോട്ടീസിനോടൊപ്പമുണ്ടായിരുന്നു. ബാലനെ പേടിച്ച് മാപ്പുപറഞ്ഞു എന്നു വന്നാൽ മോനായിക്ക് നാണക്കേടാണ്. മാപ്പു പറഞ്ഞില്ലെങ്കിൽ മോനായി കുടുങ്ങുമെന്നു തീർച്ച. എന്താണ് പോംവഴി? വളരെ ആലോചിച്ച് ഒരു പോംവഴി കണ്ടുപിടിച്ചു. നോട്ടീസിനോടൊപ്പമുള്ള സർട്ടിഫിക്കറ്റ് പ്രസിദ്ധീകരിക്കുക. പാസ്റ്റർ ഏബ്രഹാം ജോസഫ് മോനായിക്ക് അയച്ച കത്താണിത് എന്നും പ്രചരിപ്പിക്കുക. ബാലനെ സഭയിൽ നിന്നു പുറത്താക്കിയിട്ടില്ലെന്ന് പാസ്റ്റർ ഏബ്രഹാം ജോസഫ് അറിയിച്ചതിനാൽ ആ പ്രസ്താവന പിൻവലിക്കുന്നു എന്ന് എഴുതുക. ബാലൻ വക്കീൽ നോട്ടീസ് അയച്ചകാര്യം മിണ്ടാതിരിക്കുക. ഈ അടവാണ് ഇപ്പോൾ എട്ടുനിലയിൽ പൊട്ടിയിരിക്കുന്നത്.

# കെ.എ. ഏബ്രഹാമിനെതിരെ കൈരളിയും പ്രതികരിക്കുന്നു



കെ.എ.ഏബ്രഹാം നടത്തുന്ന വിവരംകെട്ട പ്രസംഗങ്ങൾക്കെതിരെ കൈരളി ടി.വിയും പ്രതികരിക്കുന്നു. ജനുവരി 20ന് രാത്രി 10 മണിക്ക് സംപ്രേക്ഷണം ചെയ്ത സാക്ഷി എന്ന പരിപാടിയിലാണ് കൈരളി ടി.വി കെ.എ.ഏബ്രഹാമിന്റെ വിവരക്കേട് ചൂണ്ടിക്കാട്ടിയത്.

എൻ.ടിവി തയ്യാറാക്കുന്ന സാക്ഷി എന്ന പ്രോഗ്രാം ഏറെ ജനപ്രീതിയുള്ളതാണ്. സമൂഹത്തിലെ തിൻമകൾക്കെതിരെ ശക്തമായി പ്രതികരിക്കുന്ന സാക്ഷിയിൽ പെന്തക്കോസ്തുകാർ പരാമർശവിധേയരാകുന്നത് അപൂർവ്വമാണ്.

ഏതാനും ആഴ്ചമുൻപ് തിരുവനന്തപുരത്തു നടന്ന ജയോത്സവത്തിൽ സ്തോത്രക്കാഴ്ചയുമായി ബന്ധപ്പെട്ട് കെ.എ.ഏബ്രഹാം നടത്തിയ പ്രസംഗമാണ് ആദ്യമായി കാണിച്ചത്. കെ.എ.ഏബ്രഹാം പറഞ്ഞ കള്ളക്കഥയെ ശരിക്കു പരിഹസിച്ചിട്ട് പതാകപ്രസംഗത്തിലേക്കു കടന്നു. അതു കഴിഞ്ഞ് പറഞ്ഞ കമന്റ് ഏറെ ശ്രദ്ധേയമാണ്. ''വെള്ളക്കുപ്പായവും മുൻപിലൊരു മൈക്കും വായിൽ വിവരക്കേടും ഒപ്പം ഹാലേലൂയ്യായുമുണ്ടെങ്കിൽ വെള്ളയിലേക്ക് ചക്രം വന്നുകയറുമെന്നതിന് സംശയം വേണ്ട''. കെ.എ.ഏബ്രഹാം പറയുന്നത് വിവരക്കേടാണെന്ന് ഡിഫെൻഡർ പറഞ്ഞപ്പോൾ വിശ്വാസം വരാത്തവർ ഇപ്പോഴെങ്കിലും വിശ്വസിക്കുമല്ലോ.

സുവിശേഷമെന്ന പേരിൽ കെ.എ.ഏബ്രഹാം വിളിച്ചുകൂവുന്ന വിവരക്കേടിനെതിരെ ഡിഫെൻഡർ പ്രതികരിക്കാൻ തുടങ്ങിയിട്ട് രണ്ടു വർഷത്തിൽ അധികമായി. പക്ഷേ നല്ലവനായ ഒരു സുവിശേഷകനെ ഡിഫെൻഡർ തകർക്കാൻ ശ്രമിക്കുന്നു എന്ന നിലപാടാണ് മിക്കവരും സ്വീകരിക്കുന്നത്. കെ.എ.ഏബ്രഹാം പ്രസംഗിക്കുന്നത് സുവിശേഷമല്ലെന്നും ശുദ്ധ വിവരക്കേടാണെന്നും മനസ്സിലാക്കാൻ പെന്തക്കോസ്ത് പത്രങ്ങൾക്കും കഴിയുന്നില്ല. അങ്ങനെയിരിക്കെയാണ് ഡിഫെൻഡർ കെ.എ.ഏബ്രഹാമിന്റെ കുപ്രസിദ്ധമായ പതാക പ്രസംഗത്തിനെതിരെ പ്രതികരിച്ചത്. യൂട്യൂബിൽ ഈ പ്രസംഗം കേൾക്കാൻ കഴിയുന്ന ലിങ്കും ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നു. ഈ വാർത്ത വായിച്ച നിരവധി ആളുകൾ ഈ പ്രസംഗം ഇന്റർനെറ്റിലൂടെ കേട്ടു. ഏറെ താമസിയാതെ വിഷയം മനോരമയിലും പരാമർശവിധേയമായി. ചില പെന്തക്കോസ്ത് പത്രങ്ങളും പ്രതികരിച്ചു. ഇപ്പോഴിതാ എൻ.ടിവിയും കൈരളിയും പ്രതികരിക്കുന്നു.

പെന്തക്കോസ്തിലെ ഏറ്റവും വലിയ വിവരദോഷിക്ക് ഒരു അവാർഡുണ്ടെങ്കിൽ അത് കെ.എ.ഏബ്രഹാമിനു ലഭിക്കും എന്നതാണ് സ്ഥിതി. എന്നിട്ടും പെന്തക്കോസ്തുകാർക്ക് ബുദ്ധിയുദിച്ചിട്ടില്ല. ഒറ്റ ദിവസം ഒഴിവില്ലാതെ ബുക്കിംഗ് ലഭിക്കുന്നുണ്ട് ഈ പമ്പര വിഡ്ഢിക്ക്.

മിനിട്ടിന് ഒരു വിഡ്ഢിത്തം എന്ന ക്രമത്തിനാണ് കെ.എ.ഏബ്രഹാം വിവരക്കേട് എഴുന്നെള്ളിക്കുന്നത്. ഹീലിയം കത്തിക്കുക, മരത്തിൽ നിന്നും സലൈവ ഒഴുക്കുക, പുതിയ പഴഞ്ചൊല്ലുകൾ സൃഷ്ടിക്കുക തുടങ്ങി ഒട്ടേറെ അത്ഭുതങ്ങൾ കെ.എ.ഏബ്രഹാം ചെയ്യുന്നുമുണ്ട്. (കഴിഞ്ഞ ദിവസം നടന്ന ജയോത്സവത്തിൽ ഇയാൾ എഴുന്നെള്ളിച്ച വിവരക്കേടുകൾ ആറാം പേജിൽ.)

## പ്രശ്നം തീർക്കാൻ ഫിലിപ്പിന് ഒരാഴ്ചകൂടി നൽകുന്നു

ചെയ്തുതീർത്ത ജോലിക്കു കൂലികൊടുക്കാത്ത ഫിലിപ്പിന് പ്രശ്നം പരിഹരിക്കാൻ ഒരാഴ്ചകൂടി ഡിഫെൻഡർ നൽകുകയാണ്. ജനുവരി 31ന് അകമായി പ്രശ്നം പരിഹരിച്ചില്ലെങ്കിൽ ഫിലിപ്പും കൂട്ടരും ഫലം അനുഭവിക്കേണ്ടതായി വരും.

ഇന്റർനാഷണൽ ഫിലിപ്പ് എന്ന പേരിൽ അറിയപ്പെടുന്ന സി. ജോൺ ഫിലിപ്പ് സൗദിയിലെ ജിദ്ദയിൽ ഒരു കമ്പനിയുടെ ബ്രാഞ്ച് മാനേജരായി ജോലിനോക്കുകയാണ്. (ഇയാളുടെ വിസിറ്റിംഗ് കാർഡ് താഴെ കൊടുത്തിരിക്കുന്നു). ഈ ചങ്ങാതി തന്റെ കമ്പനിക്കുവേണ്ടി ഒരു ബ്രോഷർ ഡിസൈൻ ചെയ്യാൻ ഒരു സഹോദരനെ ഏല്പിച്ചു. രണ്ടു വർഷം മുൻപ് ജോലി തീർത്തെങ്കിലും പണിക്കൂലിയായി നൽകേണ്ട 4500 റിയാൽ നാളിതുവരെ നൽകിയിട്ടില്ല. പണം ചോദിച്ചതിന് ഈ സഹോദരനെ കള്ളക്കേസ്സിൽ കുടുക്കാൻ വരെ ഈ നീചൻ ശ്രമിച്ചു. സ്വർഗ്ഗീയധ്വനിയുടെ ഡിസ്കഷൻ ബോർഡിൽ നിന്നും വിവരമറിഞ്ഞ ഡിഫെൻഡർ ഈ പ്രശ്നത്തിൽ ഇടപെട്ടെങ്കിലും ഫിലിപ്പ് പണം നൽകിയില്ല. ജിദ്ദയിലുള്ള ഒരു ഇംഗ്ലീഷ് ആരാധനയ്ക്കു നേതൃത്വം നൽകുന്ന ഈ ദുഷ്ടനെതിരെ ജനുവരി 25ന് ശേഷം പ്രതികരിക്കാൻ ഡിഫെൻഡർ തീരുമാനിച്ചിരുന്നെങ്കിലും ചില സഹോദരൻമാരുടെ അഭ്യർത്ഥന മാനിച്ച് ജനുവരി 31 വരെ സമയം നൽകുകയാണ്. (ഇനി ഫിലിപ്പിന് മറ്റൊരവധി നൽകുന്നതല്ല എന്നുകൂടി വ്യക്തമാക്കട്ടെ).




# പവ്വർ വിഷൻ വീണ്ടും പ്രേക്ഷകരെ വഞ്ചിച്ചു

വഞ്ചനയുടെ പര്യായമായ പവ്വർ വിഷൻ വീണ്ടും പ്രേക്ഷകരെ വഞ്ചിച്ചു. കുമ്പനാട് കൺവെൻഷൻ ഇന്റർനെറ്റിലൂടെ ലൈവായി സംപ്രേക്ഷണം ചെയ്യുമെന്നു പ്രഖ്യാപിച്ചാണ് വഞ്ചന നടത്തിയത്.

ഇത്തവണത്തെ കുമ്പനാട് കൺവെൻഷൻ ലോകമെമ്പാടുമുള്ള പ്രേക്ഷകർക്ക് ഇന്റർനെറ്റിലൂടെ ലൈവായി കാണാൻ അവസരമൊരുക്കുമെന്ന് കെ.സി. ജോൺ പ്രഖ്യാപിച്ചിരുന്നു. ഇതേക്കുറിച്ചുള്ള പരസ്യം പവ്വർ വിഷനിലും ഇന്റർനെറ്റിലും പ്രസിദ്ധീകരിക്കയും ചെയ്തു. കൺവെൻഷൻ ലൈവായി കാണാൻ നിരവധി ആളുകൾ പേര് രജിസ്റ്റർ ചെയ്തു. പക്ഷേ പണം തട്ടാനായി കെ.സി.ജോൺ തയ്യാറാക്കിയ ഒരു പദ്ധതിയായിരുന്നു ഇതെന്ന് വളരെ വൈകിയാണ് ജനം അറിഞ്ഞത്. കുമ്പനാട് കൺവെൻഷൻ വരുകയും പോകുകയും ചെയ്തു. സംപ്രേക്ഷണം നടന്നതുമില്ല. സംപ്രേക്ഷണം നടത്താതിരുന്നതിന്റെ കാരണം വിശദീകരിക്കാനുള്ള മാന്യതപോലും കെ.സി.ജോൺ കാണിച്ചുമില്ല.

ആദ്യമായല്ല ഇത്തരം വഞ്ചന കെ.സി.ജോൺ നടത്തുന്നത്. രണ്ടു ചാനൽ തുടങ്ങുമെന്നു പറഞ്ഞ് പണം പിരിച്ചിട്ട് ഒരു ചാനൽ മാത്രം തുടങ്ങി. അതുപോലും ഒരു വർഷത്തിലധികം താമസിച്ചാണ് തുടങ്ങിയത്. ഒരേ പരിപാടി നൂറും ആയിരവും വട്ടം സംപ്രേക്ഷണം ചെയ്ത് ജനങ്ങളെ വിഡ്ഢികളാക്കിവരുന്നു.

അമേരിക്കയിൽ സംപ്രേക്ഷണം തുടങ്ങുമെന്നു പറഞ്ഞിട്ട് നാളിതുവരെ തുടങ്ങിയിട്ടില്ല. ചവറിലെ പരിപാടികൾ ഇന്റർനെറ്റിലൂടെ സ്ട്രീം ചെയ്യുമെന്നു പറഞ്ഞിട്ട് അതും നടന്നിട്ടില്ല. ഇപ്പോഴിതാ കുമ്പനാട് കൺവെൻഷന്റെ സംപ്രേക്ഷണവും ജലരേഖയായിരിക്കുന്നു. വായിൽ തോന്നിയത് കോതയ്ക്കു പാട്ട് എന്ന പരുവത്തിൽ വിളിച്ചുപറഞ്ഞ് വിവരദോഷികളെ കബളിപ്പിക്കയും പണം തട്ടുകയും മാത്രമാണ് കെ.സി. ജോണിന്റെ ലക്ഷ്യമെന്നു വ്യക്തം.

ദി ഡിഫെൻഡർ
Vol. No.11 Issue No. 3 2008 February 1

# സുവിശേഷമില്ലാത്ത സുവിശേഷയോഗങ്ങൾ

ബോൺലെസ് ചില്ലിലെസ് ചിക്കൻലെസ് ചില്ലിചിക്കൻ എന്നു പറഞ്ഞതുപോലെയാണ് ഇപ്പോഴത്തെ സുവിശേഷയോഗങ്ങൾ. സുവിശേഷമില്ല, സുവിശേഷത്തിന്റെ കേന്ദ്രബിന്ദുവായ യേശുക്രിസ്തുവുമില്ല. പക്ഷേ നാടൊട്ടുക്ക് സുവിശേഷയോഗങ്ങൾ പൊടിപൊടിക്കുന്നു.

എന്താണ് സുവിശേഷം? മനുഷ്യവർഗ്ഗത്തിന്റെ പാപം പരിഹരിക്കുവാൻ കർത്താവായ യേശുക്രിസ്തു യാഗമായി. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവർക്ക് തികച്ചും സൗജന്യമായി പാപമോചനവും നിത്യജീവനും ലഭിക്കും. ഇതാണ് സുവിശേഷം, നല്ല വിശേഷം. പക്ഷേ ഇന്നത്തെ സുവിശേഷയോഗങ്ങളിൽ വളരെ അപൂർവ്വമായി മാത്രമേ സത്യസുവിശേഷം മുഴങ്ങുന്നുള്ളൂ.

യേശുക്രിസ്തു എന്ന പേരിൽ ഒരു രക്ഷകനെ ഇവർ പ്രസംഗിക്കുന്നുണ്ടെങ്കിലും അത് ബൈബിളിലെ യേശുവല്ല മറ്റൊരു യേശുവാണ്. തന്റെ പിന്നാലെ ഇറങ്ങുന്നവർക്ക് എല്ലാവിധ ഭൗതീക നൻമകളും നൽകുന്ന ഒരു യേശുവിനെയാണ് ഇവർ പ്രസംഗിക്കുന്നത്. ധനവാന്റെയും ലാസറിന്റെയും കഥ പറഞ്ഞ യേശുവല്ല ഇവരുടെ യേശു. ഇവർ പ്രസംഗിക്കുന്ന യേശുവിൽ വിശ്വസിക്കുന്നവർക്ക് രോഗം, ദു:ഖം, കഷ്ടത, പരാജയം, പട്ടിണി തുടങ്ങിയതൊന്നും ഉണ്ടാകില്ല. എപ്പോഴും നല്ല ആരോഗ്യമുണ്ടായിരിക്കും. വിലൂടിയ കാറ്, കൊട്ടാരം പോലുള്ളവീട്, ലക്ഷങ്ങളുടെ വരുമാനം തുടങ്ങിയവയും ലഭിക്കും.

കർത്താവിന്റെ മടങ്ങിവരവ് എന്ന വിഷയം അപൂർവ്വമായി മാത്രമേ പ്രസംഗിക്കൂ. കഷ്ടത അനുഭവിച്ച ദൈവദാസൻമാരേക്കുറിച്ച് പറയാതിരിക്കാൻ ശ്രദ്ധിക്കും. വചനത്തിന്റെ ആഴത്തിലേക്ക് ഇറങ്ങുകയില്ല. വായിക്കുന്ന വാക്യം ഏതായാലും ഭൗതീക അനുഗ്രഹത്തിൽ വന്നു നിൽക്കും പ്രസംഗം. സ്തോത്രകാഴ്ച എടുക്കുന്ന സമയത്ത് പ്രസംഗം ഏറ്റവും വാചാലമാകും. നൂറു മടങ്ങ്, ആയിരം മടങ്ങ് തുടങ്ങിയ കണക്കനുസരിച്ച് ദൈവം മടക്കി കൊടുക്കുമത്രേ. ദൈവമക്കൾ സൂക്ഷിക്കുക, ഇത് ക്രൂശിന്റെ വചനമല്ല മാമ്മോന്റെ വചനമാണ്. ഇവർ പ്രസംഗിക്കുന്ന രക്ഷകൻ കർത്താവായ യേശുക്രിസ്തുവല്ല മാമ്മോനാണ്. ഇവരുടെ ലക്ഷ്യം നിത്യജീവനല്ല ഇഹലോക സുഖങ്ങളാണ്. ഇതു വ്യാജ സുവിശേഷമാണ്.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

ആപത്തു വരുമ്പോൾ കൂട്ടത്തോടെ എന്നു പറഞ്ഞതുപോലെയാണ് എൽ.ഡി.എഫ് സർക്കാരിന്റെ സ്ഥിതി. എല്ലാദിക്കിൽ നിന്നും ആപത്തുതന്നെ. സകല സമുദായങ്ങളും എതിരായിക്കഴിഞ്ഞു. വെള്ളത്തിൽക്കൂടിയും വയ്യ, കരക്കുകൂടിയും വയ്യ എന്നതാണ് സ്ഥിതി.

കത്തോലിക്കർ കമ്യൂണിസ്റ്റുകാരുടെ സ്ഥിരം ശത്രുക്കളാണ്. എപ്പോൾ കമ്യൂണിസ്റ്റുകാർ അധികാരത്തിലെത്തിയാലും കത്തോലിക്കർ പ്രശ്നമുണ്ടാക്കും. ഇത്തവണയും അതുതന്നെ ഉണ്ടായി. ഇടയലേഖനങ്ങൾ പലത് ഇറങ്ങി. ഇനിയും ഇറങ്ങിയെന്നുവരാം. ഇപ്പോഴിതാ ഓർത്തഡോക്സുകാരും എതിരായിരിക്കുന്നു. അവർ പ്രമേയം പാസ്സാക്കുന്നു. മന്ത്രിമാരുടെ പരിപാടികൾ ബഹിഷ്ക്കരിക്കുന്നു. നായൻമാർ പണ്ടേ സമദൂരക്കാരാണ്. പക്ഷേ ഇപ്പോൾ ഇടതുപക്ഷത്തോടുള്ള ദൂരം അല്പംകൂടി കൂട്ടിയിരിക്കുന്നു. ഇനി പിണങ്ങാൻ ഏതെങ്കിലും സമുദായം മിച്ചമുണ്ടോ?

പാർട്ടി സമ്മേളനം മൂലം ബജറ്റ് ഉണ്ടാക്കാൻ സമയം കിട്ടിയില്ലത്രേ. കല്യാണത്തിന്റെ തിരക്കിൽ താലി കെട്ടാൻ മറന്നുപോയി എന്നു പറഞ്ഞതുപോലെയായി കാര്യം. പാർട്ടി സമ്മേളനങ്ങളും മറ്റും ജനാധിപത്യത്തിന്റെ ഭാഗമായതുകൊണ്ട് ബജറ്റ് അവതരണം മാറ്റി വെയ്ക്കുന്നതിൽ തെറ്റില്ലെന്നാണ് ധനമന്ത്രി പറയുന്നത്. ഒരു സംശയം: മന്ത്രിമാരുടെ പ്രധാന പണി പാർട്ടി പ്രവർത്തനമോ നാടു ഭരിക്കലോ? നികുതിദായകന്റെ പണം ശമ്പളമായി വാങ്ങുന്നത് പാർട്ടിയുണ്ടാക്കാനല്ലെന്ന് അറിഞ്ഞാൽ നന്ന്.

മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങാ വീണു എന്നു പറഞ്ഞതുപോലെയാണ് പ്രതിപക്ഷത്തിന് ബജറ്റ് പ്രശ്നം കിട്ടിയിരിക്കുന്നത്. അടുത്ത നിയമസഭാ സമ്മേളനം പൊടിപൂരമാക്കാൻ ഈ ഒരു കാര്യം മതി. പത്രക്കാർക്ക് വാർത്തയ്ക്കും പഞ്ഞം വരില്ല.

കൊല്ലനും അറിഞ്ഞില്ല കൊല്ലത്തീം അറിഞ്ഞില്ല എന്നു പറഞ്ഞതുപോലെ ഇതാ കേരളത്തിൽ പുതിയൊരു സിറ്റി പിറന്നിരിക്കുന്നു: സൈബർ സിറ്റി. സ്മാർട്ട് സിറ്റിയുടെ ജനനം ഏറെ കഷ്ടത നിറഞ്ഞതായിരുന്നെങ്കിൽ സൈബർ സിറ്റിയുടെ ജനനം വളരെ കൂളായിരുന്നു. ഐ.റ്റി വകുപ്പുപോലും അറിയാതെ സൈബർ സിറ്റിയുണ്ടായി. കമ്പ്യൂട്ടർ യുഗമല്ലേ, ഇങ്ങനെ എന്തെല്ലാം അത്ഭുതങ്ങൾ ഇനി കാണാനിരിക്കുന്നു.

വശകനു മാത്രം ചിലയ്ക്കാൻ വയ്യ എന്നു പറഞ്ഞതുപോലെയാണ് കേരളത്തിലെ നക്സലൈറ്റുകളുടെ സ്ഥിതി. ഏതു രാഷ്ട്രീയ പാർട്ടിക്കും എന്തു തോന്ന്യാസവും കാണിക്കാം. പക്ഷേ നക്സലൈറ്റുകൾക്ക് മിണ്ടാൻപോലും സ്വാതന്ത്ര്യമില്ല. (തല വെട്ടുന്ന നക്സലുകളുടെ കാര്യമല്ല പറഞ്ഞു വരുന്നത്.) കേരളത്തിൽ അത്തരം നക്സലുകളുടെ കുറ്റിയറ്റിട്ട് മൂന്നു പതിറ്റാണ്ടിലേറെയായി. ഇപ്പോഴത്തെ നക്സലുകൾ പഞ്ചപാവങ്ങളാണ്. ഗാന്ധിജിയേക്കാൾ വലിയ സമാധാനപ്രിയർ. നിരാഹാരം കിടക്കുന്നവർ. മനുഷ്യസ്നേഹികൾ. പക്ഷേ മനുഷ്യാവകാശ പ്രവർത്തകരെന്നു പറഞ്ഞു നടക്കുന്നവർ സർക്കാരിന്റെ നോട്ടപ്പുള്ളികളാണെന്ന് ആഭ്യന്തര മന്ത്രിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ചുരുക്കത്തിൽ എന്ത് അവകാശവും പറയാം, മനുഷ്യാവകാശമെന്നു മാത്രം പറയരുത്. പറഞ്ഞാൽ സർക്കാരിന്റെ നോട്ടപ്പുള്ളിയാകും. നാഴി അരിക്കു മുട്ടിയാലും നാല് ഇടിക്കു മുട്ടുകയില്ല.

പരിചയമുള്ള പോലീസുകാരൻ രണ്ടിടി കൂടുതൽ ഇടിക്കും എന്ന് ഏവർക്കും അറിയാം. നക്സലുകൾ ഈ വസ്തുത അനുഭവിച്ചറിഞ്ഞവരുമാണ്. ഇപ്പോഴും ഇതുതന്നെ സ്ഥിതി. നക്സലുകളുടെ പ്രത്യയ ശാസ്ത്രത്തോട് ഏറ്റവും സാമ്യമുള്ള പ്രത്യയശാസ്ത്രമുള്ള പാർട്ടി ഏതാണ്? സംശയം വേണ്ട, വല്യേട്ടൻ തന്നെ. പക്ഷേ നക്സലുകൾക്ക് ഇപ്പോൾ ഏറ്റവും ദോഷം ചെയ്യുന്നതും വല്യേട്ടൻ തന്നെ. ഇതെന്തു മറിമായം. വിപ്ലവം ജയിക്കണ്ടേ? വേണം, തീർച്ചയായും വേണം. പക്ഷേ ആ വിപ്ലവം തങ്ങൾ ഉണ്ടാക്കുന്നതായിരിക്കണം. മറ്റാരെങ്കിലും വിപ്ലവമുണ്ടാക്കി ജയിച്ചതുകൊണ്ട് വല്യേട്ടനെന്തു ഗുണം?

ഫെബ്രുവരി ഒന്നിന് ലീഡറുടെ നേതൃത്വത്തിൽ റാലി നടക്കുമത്രേ. എന്തിനാണ് ഈ റാലി? സംഗതി വ്യക്തം. വെറുതെ കോൺഗ്രസ്സിലേക്കു മടങ്ങിയാൽ ഒരു വിലയുമുണ്ടാകില്ല. പക്ഷേ കോൺഗ്രസ്സ് വിട്ടപ്പോൾ റാലി നടത്തിയതുപോലെ കോൺഗ്രസ്സിൽ തിരികെ ചേരുമ്പോഴും വേണം റാലി. മാത്രമല്ല, ലീഡറെ അല്ലാതെ ആരേയും കോൺഗ്രസ്സിൽ ഔദ്യോഗികമായി തിരികെ എടുത്തിട്ടുമില്ല. റാലി നടത്തിയാൽ പങ്കെടുത്തവരെല്ലാം തിരികെ ചേർന്നു എന്നു വരുത്തി തീർക്കാമല്ലോ. (പുത്തി കൊള്ളാം).

കോൺഗ്രസ്സിനെ വിമർശിക്കുന്ന കാര്യത്തിൽ പുത്രൻജിയുടെ ശുഷ്ക്കാന്തി നിസ്തുലം തന്നെ. വീണുകിട്ടുന്ന ഒരവസരവും പാഴാക്കുന്നില്ലെന്നു മാത്രമല്ല പരമാവധി ശക്തിയിൽ വിമർശിക്കുന്നുമുണ്ട്. എന്താ ഇത്ര വലിയ കോൺഗ്രസ്സ് വിരോധമുണ്ടാകാൻ കാരണം? അത് വിശേഷിച്ചു പറയണോ? നിലനിൽപ്പിന്റെ പ്രശ്നം. എങ്ങനെയെങ്കിലും എൽ.ഡി.എഫിൽ കയറിപ്പറ്റാതെ നിലനിൽക്കാനാവില്ല. പക്ഷേ അനുകൂലമായ ഒരു പ്രതികരണവും എൽ.ഡി.എഫിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുമില്ല. എന്തു ചെയ്യും. ആകെ അങ്കലാപ്പിലാണ്. കോൺഗ്രസ്സിനെ ഭള്ളുപറഞ്ഞ് പരമാവധി ഗ്രേസ് മാർക്ക് നേടാനാണ് ശ്രമം. മാത്രമല്ല, ഇനി ഒരിക്കലും കോൺഗ്രസ്സിലേക്ക് മടങ്ങുകയില്ലെന്ന് നാഴികയ്ക്കു നാല്പതുവട്ടം ആണയിടുന്നുമുണ്ട്. പക്ഷേ ഈ തപസ്സ് എൽ.ഡി.എഫിലെ ദൈവങ്ങൾ കണ്ടമട്ടില്ല. ഇനി എന്തു ചെയ്യണമെന്ന് പിടികിട്ടുന്നുമില്ല.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

**(പ്രത്യേക ശ്രദ്ധക്ക്: ട്രസ്റ്റുകൾക്കും സൊസൈറ്റികൾക്കും വിദേശത്തുനിന്നു വലിയ തുക ധനസഹായമായി ലഭിക്കുമെന്നു പറഞ്ഞ് സമീപിക്കുന്നവരെ സൂക്ഷിക്കുക. അത് തട്ടിപ്പാണ്.)**

# കെ.സി.ജോൺ ഉണർന്നു വേലക്കാരി പുറത്തായി

ഉണർവ്വ് എന്നതായിരുന്നു ഇത്തവണ കുമ്പനാട് കൺവെൻഷന്റെ ചിന്താവിഷയം. പ്രസംഗകരായ പ്രസംഗകരെല്ലാം ഉണർവ്വിന്റെ വിവിധ വശങ്ങളേക്കുറിച്ച് പ്രസംഗിക്കയും ചെയ്തു. ഇത്രയൊക്കെ പ്രസംഗം നടത്തിയിട്ടും ഉണർവ്വുണ്ടായില്ലെങ്കിൽ മോശമല്ലേ. ഏതായാലും ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ കെ.സി.ജോൺ അവസരത്തിനൊത്ത് ഉയർന്നു. ശരിക്കും ഉണർന്നു.

ഉണർന്നവന് അടങ്ങിയിരിക്കാനാവില്ലല്ലോ. എന്തെങ്കിലും ചെയ്തേ മതിയാകൂ. ഏറെ ആലോചിച്ചപ്പോൾ ഒരു പോംവഴി കണ്ടുപിടിച്ചു. കൺവെൻഷൻ പ്രമാണിച്ച് ഭാര്യ കുമ്പനാട്ടുണ്ട്. നെടുമ്പ്രത്ത് വേലക്കാരി മാത്രം. ഉണരാൻ ഇതിലധികം അനുയോജ്യമായ അവസരം വേറെയില്ല. നേരേ നെടുമ്പ്രത്തേക്ക് വച്ചുപിടിച്ചു.

ആ ഭാഗം അത്രയും മതി. ഇനി കഥയുടെ രണ്ടാം ഭാഗം. കണവൻ ഉണർന്ന വിവരം മണൈവി അറിഞ്ഞു. കുറച്ചധികം ഉണർവ്വു കണ്ട ആളാണല്ലോ കക്ഷി. സ്വന്തം അമ്മയിൽ ആരംഭിച്ച ഉണർവ്വ് ഏതു വഴിയിലൂടെയെല്ലാം സഞ്ചരിച്ചെന്നും അറിയാം. അതുകൊണ്ട് ഈ ഉണർവ്വ് അത്ര പന്തിയല്ല. എന്തിനേറെ പറയുന്നു, വേലക്കാരി ഔട്ട്. സംഗതി ക്ലീൻ.

കഷ്ടത്തിലായത് വേലക്കാരിയാണ്. പാഴ്സനേജിൽ നിന്നും കിട്ടുന്ന കൂലിയും അല്ലറചില്ലറ സാധനങ്ങളും മറ്റും കൊണ്ടാണ് അവർ ജീവിച്ചു വന്നത്. അത് ഇല്ലാതായതോടെ ജീവിതം വഴിമുട്ടി. ഉണർവ്വിന് ഇങ്ങനെ ചില ഫലങ്ങളുണ്ടെന്ന് അവർ അറിഞ്ഞിരുന്നില്ല.

# വരുന്നൂ പെന്തക്കോസ്ത് മേടിക്കൽ കോളേജ്

എല്ലാ ക്രൈസ്തവ സഭകൾക്കും മേടിക്കൽ കോളേജുകളുണ്ട്. അതുകൊണ്ട് പെന്തക്കോസ്തുകാർക്കും വേണം ഒരെണ്ണം. തീരുമാനം ഒരാളുടേതല്ല, ഒരുകൂട്ടം പെന്തക്കോസ്ത് നേതാക്കൻമാരുടേതാണ്. സുവിശേഷത്തിന്റെ പേരു പറഞ്ഞ് പിരിച്ചുണ്ടാക്കിയ കോടിക്കണക്കിനു രൂപ കൈവശമുള്ള ചില പെന്തക്കോസ്ത് നേതാക്കൻമാർ ഈ പദ്ധതിയുമായി കഴിഞ്ഞ ദിവസം ഒത്തുകൂടി. വിഷയം ചർച്ച ചെയ്തു. സംഗതി കൊള്ളാമെന്ന് അംഗീകരിക്കയും ചെയ്തു.

ആകെ മൊത്തം ടോട്ടൽ ചെലവ് 500 കോടി രൂപ. ഇപ്പോൾ 25 കോടി മുടക്കിയാൽ സംഭവത്തിന് തുടക്കം കുറിക്കാം. പിന്നെ ഈ പേരുപറഞ്ഞ് ഉലകപര്യടനം നടത്തി പിരിക്കാം. വിവിധതരം ഫീസിനത്തിലും പിരിക്കാം. ഏതാനും വർഷം കൊണ്ട് 500 കോടി തികയും. പദ്ധതി ഉഗ്രൻ. അങ്ങനെ അവർ തീരുമാനമെടുത്തു പിരിഞ്ഞു. ഏറെ താമസിയാതെ ഈ പദ്ധതി പരസ്യമാക്കാനാണ് ഉദ്ദേശ്യം.

# വ്യാജൻ സ്ഥലം വിടാൻ പദ്ധതി തയ്യാറാക്കുന്നു



രണ്ടു ഭാര്യമാരുള്ള പാസ്റ്റർ ഡിഫെൻഡറിലെ വാർത്തയെതുടർന്ന് സ്ഥലം വിടാൻ പദ്ധതിയൊരുക്കുന്നു. ചങ്ങനാശ്ശേരിക്കു സമീപമുള്ള മടുക്കുമ്മൂട് (തൃക്കൊടിത്താനം) ബഥേൽ പ്രയർ ഹൗസ് എന്ന പരിപാടി നടത്തുന്ന കെ.കെ.കുര്യനാണ് ഈ തട്ടിപ്പുവീരൻ. മഹാവിശുദ്ധനായി ചമഞ്ഞ് രണ്ടാംഭാര്യയോടൊപ്പം കഴിയുകയായിരുന്ന ഈ കള്ളന്റെ തനിനിറം ഡിഫെൻഡറിലൂടെ പുറത്തുവന്നതോടെ ഇയാൾക്ക് നിൽക്കക്കള്ളിയില്ലാതായിരിക്കയാണ്. അതുകൊണ്ട് ഇയാളെ തിരിച്ചറിയാൻ ഇടയില്ലാത്ത ഏതെങ്കിലും സ്ഥലത്തേക്ക് മാറാനാണ് പരിപാടി.

കുറേക്കാലം മുൻപ് ഇയാൾ ബോംബെയിൽ ജോലിചെയ്തിരുന്നു. അക്കാലത്ത് അവിടെ ഭാര്യയും മൂന്നു മക്കളും ഉണ്ടായി. ഏതാനും വർഷം മുൻപ് ഇയാൾ ഭാര്യയേയും മക്കളേയും ഉപേക്ഷിച്ച് കേരളത്തിലെത്തി. ജീവനാംശം ലഭിക്കാനായി ഭാര്യ കേസ്സ് കൊടുത്തു. മാസം 1500 രൂപ നൽകാൻ കോതതി വിധിക്കയും ചെയ്തു. പക്ഷേ ഒരു ചില്ലിക്കാശുപോലും ഈ നീചൻ കൊടുത്തില്ല.

ഏതു കള്ളനും സുവിശേഷത്തിന്റെ മറവിൽ വിശുദ്ധനായി വിലസാവുന്ന സാഹചര്യമാണല്ലോ കേരളത്തിലുള്ളത്. അതുകൊണ്ട് ഇയാളും സുവിശേഷവേലതന്നെ തിരഞ്ഞെടുത്തു. ആരും അത്ര പെട്ടെന്ന് കണ്ടെത്താൻ ഇടയില്ലാത്ത സ്ഥലത്ത് പരിപാടി ആരംഭിക്കയും ചെയ്തു. പക്ഷേ ഡിഫെൻഡർ ഈ കള്ളനെ കണ്ടെത്തി. ഇപ്പോൾ കൂടെയുള്ളത് പെങ്ങളാണെന്നത്രേ പറയുന്നത്.

ഇയാൾക്ക് ഓതറയിലും തൃക്കൊടിത്താനത്തും സ്ഥലമുണ്ട്. ഇതുരണ്ടും വിറ്റിട്ട് ദൂരെയെവിടെയെങ്കിലും പോയി തട്ടിപ്പു തുടരാനാണ് ഉദ്ദേശ്യം. പക്ഷേ ഭാര്യ ജീവനോടെയുള്ളപ്പോൾ മറ്റൊരു വിവാഹം കഴിക്കയും ആദ്യഭാര്യക്ക് കോതതി വിധിച്ച പണം കൊടുക്കാതിരിക്കയും ചെയ്യുന്ന ഈ കള്ളൻ ഉപദേശിയായി വിലസുന്നതു തടയാൻ വേണ്ടതെല്ലാം ഡിഫെൻഡർ ചെയ്യും.

# വിവാഹ തട്ടിപ്പു വീരൻ കുടുങ്ങി

വിവാഹ തട്ടിപ്പ് സ്ഥിരം പരിപാടിയാക്കിയ ഒരു പാസ്റ്റർ ബാംഗ്ലൂരിൽ കുടുങ്ങി. ഇതേപ്പറ്റി ഒരു പത്രത്തിൽ വന്ന വാർത്ത ഇപ്രകാരമാണ്:

''നാലു തവണ വിവാഹം കഴിച്ച വ്യാജ പാസ്റ്റർ അറസ്റ്റിലായി. കോയമ്പത്തൂർ സ്വദേശി വിജയ് ജോസഫ് (40) ആണ് നാലാം ഭാര്യയുടെ പരാതിയെ തുടർന്ന് പിടിയിലായത്. പ്രാർത്ഥനയ്ക്കു പോകുന്ന വീടുകളിലെ സ്ത്രീകളുമായി പരിചയം സ്ഥാപിച്ച ശേഷമായിരുന്നു നാലു വിവാഹങ്ങളും. 1989ൽ ആയിരുന്നു ആദ്യ വിവാഹം. 1994ൽ ഒന്നും കഴിഞ്ഞവർഷം രണ്ടും വിവാഹങ്ങൾ കൂടി നടത്തി. കൂടാതെ പ്രതി കേരളത്തിൽ നിന്നും മൂന്നു വിവാഹങ്ങൾ കൂടി നടത്തിയതായി പോലീസിന് വിവരം ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് അന്വേഷണം കേരളത്തിലേക്കുകൂടി വ്യാപിപ്പിക്കുമെന്ന് പോലീസ് അറിയിച്ചു.''

അഭിഷേകം നഷ്ടപ്പെട്ടിട്ടും ശൗലിന്റെമേൽ ദാവീദ് കൈവച്ചില്ല എന്ന ന്യായം പറഞ്ഞ് കള്ള പാസ്റ്റർമാർക്ക് ഒത്താശ ചെയ്യുന്ന വിവരദോഷികൾ ഈ പാസ്റ്ററെ ദയവായി സഹായിക്കണം.

# രോഗശാന്തി ഉണ്ടായെന്നോ?

കുമ്പനാട് കൺവെൻഷനിൽ നിരവധി അത്ഭുത രോഗശാന്തികൾ ഉണ്ടായതായി സ്വർഗ്ഗീയധ്വനി റിപ്പോർട്ട് ചെയ്യുന്നു. വാർത്തയുടെ പ്രസക്ത ഭാഗങ്ങൾ:

''റവ. ഡോ. റിച്ച് ബോവനും മിഷനറിടീമും വലിയ ശുശ്രൂഷകളാണ് കുമ്പനാട് കൺവെൻഷനിൽ ചെയ്തത്. ചലനശേഷി നഷ്ടപ്പെട്ട ഒരു സഹോദരനു നടക്കാനായത്, ക്രിസ്തീയ ഗായകൻ ജെയിംസ് പീടികമലയുടെ മകൾ ഏബൽ എന്ന 10 വയസ്സുകാരിയുടെ കാലിലെ വ്രണം ക്ഷണത്തിൽ സൗഖ്യമായത് ഇവ അതിൽ ചിലതുമാത്രം.''

ഇത്തരം രോഗശാന്തികൾ യഥാർത്ഥത്തിൽ നടന്നെങ്കിൽ അത് ദൈവനാമ മഹത്വത്തിനായി പത്ര മാസികകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

# വൽസനോടു വിരക്തി

വൽസൻ തമ്പുരാന്റെ പ്രസംഗത്തോട് ജനത്തിനു വിരക്തിയായോ? ഇത്തവണത്തെ കുമ്പനാട് കൺവെൻഷന് വൽസന്റെ പ്രസംഗം കേൾക്കാൻ എത്തിയവരുടെ എണ്ണത്തിൽ കുറവുണ്ടായത് ഇതുമൂലമാണോ?

കുമ്പനാട് കൺവെൻഷനിൽ ഏറ്റവും അധികം ആളുകൂടുന്ന രാത്രിയോഗം ശനിയാഴ്ചയിലേതാണ്. അതുകൊണ്ട് വൽസൻ പ്രസംഗത്തിനായി തിരഞ്ഞെടുക്കുന്നത് ശനിയാഴ്ച യോഗമാണ്. ഇത്തവണയും പതിവിനു മാറ്റമുണ്ടായില്ല. പക്ഷേ വെള്ളിയാഴ്ചത്തേതിനേക്കാൾ ആളു കുറവായിരുന്നു ശനിയാഴ്ച. വൽസന്റെ പ്രസംഗം കേട്ട് ഇഹലോക ജീവിതത്തോടുതന്നെ വിരക്തിയുണ്ടാകുന്നത് ഒഴിവാക്കാൻ ജനം വരാതിരുന്നതാണെന്നു കേൾക്കുന്നു. (ഐ.പി.സിക്കാർക്കും ബുദ്ധിയുദിച്ചുതുടങ്ങി).

# കുമ്പനാട്ട് സ്വർഗ്ഗം ചാഞ്ഞിറങ്ങിയെന്ന്

കുമ്പനാട്ട് സ്വർഗ്ഗം ചാഞ്ഞിറങ്ങി എന്ന് സ്വർഗ്ഗീയധ്വനി റിപ്പോർട്ട് ചെയ്യുന്നു. ഐ.പി.സിയുടെ ജനറൽ കൺവെൻഷൻ നടക്കുന്ന സമയത്താണ് ഈ അത്ഭുത സംഭവം നടന്നത്.

നേരേ താഴോട്ട് ചാടാതെ ചാഞ്ഞിറങ്ങിയത് എന്തുകൊണ്ടും ബുദ്ധിയായി. കുമ്പനാട്ടുനിന്നും വളരെ ഉയരത്തിലാണല്ലോ സ്വർഗ്ഗം സ്ഥിതിചെയ്യുന്നത്. അത്ര ഉയരത്തിൽ നിന്നും നേരേ താഴോട്ടു ചാടിയാൽ അംഗഭംഗമോ മരണം തന്നെയോ ഉണ്ടാകാം. അത് ഒഴിവാക്കാനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗമാണ് ചാഞ്ഞിറങ്ങുക എന്നത്.

എത്ര ഡിഗ്രി ചരിവിലാണ് സ്വർഗ്ഗം കുമ്പനാട്ടേക്ക് ഇറങ്ങിയതെന്ന് സ്വർഗ്ഗീയധ്വനി വ്യക്തമാക്കിയിട്ടില്ല. വലിയ അപകടമൊന്നും കൂടാതെ സ്വർഗ്ഗം കുമ്പനാട്ട് ലാന്റ് ചെയ്തതുകൊണ്ട് കുറഞ്ഞത് 45 ഡിഗ്രി ചരിവെങ്കിലും ഉണ്ടായിരുന്നു എന്ന് കരുതാം. ഏതായാലും ഇത്ര വലിയ ഒരു സംഭവം കുമ്പനാട്ടു നടന്നിട്ട് മറ്റു പെന്തക്കോസ്ത് പത്രങ്ങളൊന്നും അത് റിപ്പോർട്ട് ചെയ്യാതിരുന്നത് ശരിയായില്ല.

# ഇനി പൗഡർ ടിൻ എറിയൽ ശുശ്രൂഷയും

ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, വിശുദ്ധ ചിരി, വിശുദ്ധ കുര, ഛർദ്ദിപ്പിക്കൽ ശുശ്രൂഷ തുടങ്ങിയ കലാപരിപാടികളോടൊപ്പം പുതിയ ഒരു ശുശ്രൂഷകൂടി ഇതാ ഉദയംചെയ്യുന്നു: എറിയൽ ശുശ്രൂഷ. എം.എ. വർഗീസിന്റെ ശിഷ്യനും ഊതിവീഴ്ത്തു വീരനുമായ അനിസനാണ് ഈ പുതിയ ശുശ്രൂഷയുടെ ഉപജ്ഞാതാവ്.

ഒരു കൺവെൻഷനിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ അനിസന് താങ്ങാനാവാത്തവിധം ആത്മശക്തിയുണ്ടായി. മറ്റുള്ളവർക്കുകൂടി പകർന്നു കൊടുത്തില്ലെങ്കിൽ കാര്യം കുഴയും. പക്ഷേ സ്റ്റേജിൽ നിന്ന് ഇറങ്ങിച്ചെന്ന് ആത്മാവിനെ പകരാൻ സാധിക്കാത്ത സ്ഥിതിയാണ്. ആത്മാവിന് സ്വയം സഞ്ചരിക്കാനുള്ള കഴിവുമില്ല. എന്തുചെയ്യും? ചുറ്റുപാടും നോക്കി. അതാ അവിടെ ഒരു പൗഡർ ടിൻ ഇരിക്കുന്നു. മതി, ഇതുകൊണ്ട് അഡ്ജസ്റ്റ് ചെയ്യാം. അങ്ങനെ അനിസൻ ആ പൗഡർടിൻ എടുത്ത് ശ്രോതാക്കളുടെ ഇടയിലേക്ക് എറിഞ്ഞു. അതോടെ ആ പ്രദേശത്താകെ ആത്മാവിന്റെ പ്രവാഹമുണ്ടായി. വിദ്യ ഫലിച്ചു. (കർത്താവായ യേശുക്രിസ്തു ഇങ്ങനെയൊന്നും ചെയ്തിട്ടില്ലല്ലോ എന്ന് ചോദിക്കുന്നവരുണ്ടാകാം. കർത്താവ് ചെയ്തതിലും അധികം ചെയ്യാനുള്ള കൃപ അനിസനേപ്പോലുള്ളവർക്ക് ലഭിച്ചിട്ടുണ്ടെന്നറിയുക.)

# രാഷ്ട്രീയക്കാരെ പ്രസംഗിപ്പിച്ചില്ല

ഇത്തവണത്തെ കുമ്പനാട് കൺവെൻഷനിൽ രാഷ്ട്രീയക്കാർക്ക് പ്രസംഗിക്കാൻ സമയം കൊടുത്തില്ലെന്ന് അറിയുന്നു. അത്രയും ആശ്വാസം. സംഘാടകർക്ക് അഭിനന്ദനം.

കഴിഞ്ഞ ചില വർഷങ്ങളായി സ്ഥിതി അനുദിനം വഷളായിക്കൊണ്ടിരിക്കയായിരുന്നു. എം.എൽ.എയോ എം.പിയോ മന്ത്രിയോ ആണെന്ന ഒറ്റ കാരണത്താൽ ആർക്കും കുമ്പനാട് കൺവെൻഷനെത്തി പ്രസംഗിക്കാൻ കഴിഞ്ഞിരുന്നു. കൊമ്പൻ പോയ വഴിയേ മോഴയും എന്നു പറഞ്ഞതുപോലെ മറ്റു പെന്തക്കോസ്തു സംഘടനകളും ഈ പരിപാടി അനുകരിക്കാൻ തുടങ്ങി. ക്രൂസേഡുകാരുടെ കാര്യം പറയാനുമില്ല. മോനായിയേപ്പോലുള്ളവർക്ക് രാഷ്ട്രീയക്കാരില്ലാതെ ജീവിക്കാനും വയ്യെന്നായി. പക്ഷേ ഇത്തവണത്തെ കുമ്പനാട് കൺവെൻഷൻ ഈ വിഷയത്തിൽ മാതൃക കാട്ടി. ഇത് മറ്റുള്ളവരും അനുകരിച്ചാൽ രാഷ്ട്രീയമക്കുണങ്ങളെ പൂർണ്ണമായി ഒഴിവാക്കാം.



# പത്രപ്രവർത്തനം പെന്തക്കോസ്തിൽ

ചില പെന്തക്കോസ്ത് പത്രപ്രവർത്തകരെ കൈയ്യേറ്റം ചെയ്യാനുള്ള ശ്രമം എ.ജി കൺവെൻഷനിലുണ്ടായതായി വായിച്ചു. ഗുണ്ടായിസത്തിനു നേതൃത്വം കൊടുത്തത് ഏതാനും പാസ്റ്റർമാരാണെന്നും കേട്ടു. പെന്തക്കോസ്തിൽ ഇങ്ങനെയൊക്കെ നടന്നില്ലെങ്കിലേ അത്ഭുതമുള്ളൂ.

പെന്തക്കോസ്ത് ദൈവങ്ങളായ നേതാക്കൻമാർക്കെതിരെ എഴുതുന്നവനെ കൊന്നാൽ ദൈവം പ്രസാദിക്കുമെന്നും സ്വർഗ്ഗം നൽകി അനുഗ്രഹിക്കുമെന്നും ധരിച്ചുവച്ചിരിക്കുന്ന പാസ്റ്റർമാരും വിശ്വാസികളും പെന്തക്കോസ്തിൽ ഏറെയുണ്ട്. ഇത്തരത്തിലുള്ള ചിലരാണ് എ.ജി.കൺവെൻഷനിൽ ഗുണ്ടാവിളയാട്ടം നടത്തിയതെന്നു വ്യക്തം. എ.ജിയിലെ പ്രധാന ദൈവമായ ടി.ജെ ശാമുവലിനെതിരെ എഴുതി എന്ന് ആരോപിച്ചാണ് പത്രപ്രവർത്തകരെ ആക്രമിച്ചത്. ഈ ഹീന കൃത്യം ചെയ്തവർക്കെതിരെ സഭാനേതൃത്വം എന്തു നടപടിയെടുത്തു? അറിഞ്ഞുകൂടാ.

സത്യം തുറന്നു പറയാൻ ധൈര്യം കാണിക്കുന്ന ഒരു പത്രമേ പെന്തക്കോസ്തിലുള്ളൂ: അത് ഡിഫെൻഡറാണ്. മറ്റു പത്രങ്ങൾ സത്യത്തെ പൊൻപാത്രംകൊണ്ട് മൂടുന്നു. പരമ പുണ്യാളൻമാരാകാൻ ശ്രമിക്കുന്നു. അതാണ് പ്രശ്നങ്ങൾക്കു വഴിവെയ്ക്കുന്നത്. എല്ലാ പെന്തക്കോസ്ത് പത്രങ്ങളും മുഖപക്ഷമില്ലാതെ സത്യം പറഞ്ഞിരുന്നെങ്കിൽ പെന്തക്കോസ്ത് പണ്ടേ നന്നാകുമായിരുന്നു.

വിമർശിക്കുന്നത് പാപമാണെന്നത്രേ കുറെ മണ്ടൻമാർ ധരിച്ചു വെച്ചിരിക്കുന്നത്. വ്യക്തി വൈരാഗ്യം തീർക്കാൻ വ്യാജവാർത്തകൾ പരത്തുകയോ വിമർശിക്കയോ ചെയ്യുന്നത് തെറ്റുതന്നെ. പക്ഷേ എതിർക്കപ്പെടേണ്ട കാര്യങ്ങളെ എതിർക്കുന്നത് പാപമല്ല, പത്രധർമ്മാണ്. ദുർന്നടപ്പ്, മോഷണം തുടങ്ങിയവ വ്യക്തിപരമായ കാര്യങ്ങളാകയാൽ വിമർശിക്കയില്ലെന്നും ഉപദേശപ്പിശകിനെതിരെ മാത്രമേ പ്രതികരിക്കൂ എന്നും ക്രൈസ്തവചിന്തയുടെ എഡിറ്ററായ കെ.എൻ.റസ്സൽ വ്യക്തമാക്കിയിട്ടുണ്ട്. ദുരുപദേശം പറയുന്നത് പണവും പ്രതാപവുമുള്ള ആരെങ്കിലുമാണെങ്കിൽ വിമർശിക്കുമോ എന്നുകൂടി അറിഞ്ഞാൽ കൊള്ളാം.

എ.ജിയിൽ നേതൃമാറ്റത്തിനു സാദ്ധ്യത എന്ന് എഴുതിയതിനാണ് സ്വർഗ്ഗീയധ്വനിയുടെ എഡിറ്ററെ കൈയ്യേറ്റം ചെയ്തത്. പക്ഷേ ഇതിലും കഠിനമായി എഴുതിയിട്ടും ഡിഫെൻഡറിനെതിരെ പ്രതികരിക്കാൻ എ.ജിയിലെ ഗുണ്ടകൾക്കു കഴിഞ്ഞിട്ടില്ല. എന്തുകൊണ്ട്? ഡിഫെൻഡർ പുണ്യാളനല്ലെന്നും കളിക്കാൻ വരുന്നവർ കളി പഠിച്ചേ പോകൂ എന്നും അവർക്കറിയാം. അതുകൊണ്ടാണ് ഡിഫെൻഡറിനെതിരെ ഈ ഗുണ്ടകൾ മിണ്ടാത്തത്. ടി.ജെ.ശമുവൽ ദുരാത്മാവിന്റെ പിടിയിലാണെന്ന് ഡിഫെൻഡർ പറഞ്ഞപ്പോൾ മിക്കവർക്കും വിശ്വാസം വന്നില്ല. കണ്ടറിയാത്തവർ കൊണ്ടറിയും.

വിമർശിക്കുന്നത് പാപമാണെന്നു കരുതുന്നവർ സീയോൻ കാഹളത്തിന്റെ പഴയ ലക്കങ്ങൾ നോക്കുക. കെ.ഇ.ഏബ്രഹാമെന്ന പരമ വിശുദ്ധൻ തന്നേക്കാളും വിശുദ്ധരായ ദൈവദാസൻമാരെ അവഹേളിക്കാൻ സഭയുടെ മാസിക ദുരുപയോഗം ചെയ്തതെങ്ങനെയെന്ന് അപ്പോൾ മനസ്സിലാകും. യാതൊരു അടിസ്ഥാനവുമില്ലാത്ത ആരോപണങ്ങൾ സഭയുടെ മാസികയിൽ അടിച്ചു വിടാൻ കെ.ഇ.ഏബ്രഹാമിന് മടിയുണ്ടായില്ല. ഏതായാലും ഡിഫെൻഡർ ഇത്തരം ഹീനകൃത്യം നാളിതുവരെ ചെയ്തിട്ടില്ല.

പെന്തക്കോസ്ത് പത്രപ്രവർത്തകർ ആക്രമിക്കപ്പെട്ട ആദ്യത്തെ സംഭവമല്ല ഇത്. ചില വർഷങ്ങൾക്കു മുൻപ് ചർച്ച് ഓഫ് ഗോഡിന്റെ കൺവെൻഷനിൽ പത്രപ്രവർത്തകർ ആക്രമിക്കപ്പെട്ടു. കുമ്പനാട് കൺവെൻഷനിൽ ഇത്തരം സംഭവങ്ങൾ പലവട്ടം ഉണ്ടായിട്ടുണ്ട്. ടി.എസ്. ഏബ്രഹാമിന്റെ ഗുണ്ടകൾ വിജോയ് സ്ക്കറിയയെ ആക്രമിച്ച സംഭവം മറക്കാറായിട്ടില്ല. ആറു വർഷം മുൻപു നടന്ന കുമ്പനാട് കൺവെൻഷനിൽ റ്റി.എസ്.ബാലൻ എത്തിയാൽ കഥ കഴിക്കാനായി 20 ഗുണ്ടകളെ റ്റി.എസ്. ഏബ്രഹാം നിയമിച്ചിരുന്നു. ആളെ തിരിച്ചറിയാൻ റ്റി.എസ്.ബാലന്റെ ഫോട്ടോയും ഗുണ്ടകൾക്ക് കൊടുത്തിരുന്നു. റ്റി.എസ്.ഏബ്രഹാമുമായി തെറ്റിപ്പിരിഞ്ഞ ഒരു ഗുണ്ട പിന്നീട് ആ ഫോട്ടോ റ്റി.എസ്. ബാലനെ കാണിക്കയും ചെയ്തു. കൺവെൻഷനുകൾക്കു പോകുന്ന പതിവ് റ്റി.എസ്.ബാലനില്ലാത്തതിനാൽ ഇത്തരം ഗുണ്ടകളുടെ കൈയ്യിൽ അകപ്പെടേണ്ടതായി വന്നിട്ടില്ല.

വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്ന സ്ഥിതിയാണ് പെന്തക്കോസ്ത് പത്രപ്രവർത്തന രംഗത്തുള്ളത്. പത്രപ്രവർത്തനത്തിന്റെ ആദ്യാക്ഷരങ്ങൾപോലും പഠിക്കാതെയാണ് മിക്കവരും പത്രമിറക്കുന്നത്. തോമസ്കുട്ടിയേപ്പോലുള്ള ചിലർക്ക് അക്ഷരാഭ്യാസവുമില്ല. എന്നിട്ടും ഇവരെല്ലാം പത്രമിറക്കുന്നു, പണക്കാരാകുന്നു. അത്ഭുതം തന്നെ.

ഒരു പണിയുമില്ലാതെ നടക്കുന്നവൻ ഒരു പത്രമിറക്കാൻ തീരുമാനിക്കുന്നു. ചിലർ നിയമാനുസൃതമുള്ള രജിസ്ട്രേഷൻ എടുക്കും. ചിലർ അതിനും മിനക്കെടില്ല. പത്രത്തിന് ഒരു പേര് കണ്ടെത്തും. ഷൈൻ ചെയ്യാൻ മോഹമുള്ള കുറെ പണച്ചാക്കുകളെ പത്രാധിപ സമിതിയിൽ ഉൾപ്പെടുത്തും. ഇവരിൽ ചിലരുടെ ലേഖനങ്ങളും വാങ്ങും. പത്രമിറക്കാനുള്ള വഹയായി.

എല്ലാ പത്രങ്ങളുടേയും ഡി.റ്റി.പി ചെയ്യുന്നത് ഒരാളാണ്. അയാളുടെ കൈവശം വിഭവങ്ങൾ എത്തിക്കും. ബാക്കിയൊക്കെ ഡി.റ്റി.പിക്കാരൻ ചെയ്തുകൊള്ളും. പത്രം റെഡി. പരസ്യങ്ങൾ ഒഴുകിയെത്തും. 500 കോപ്പി അടിക്കുന്ന പത്രം അഞ്ചുലക്ഷം വായനക്കാരുള്ള പത്രമെന്ന പേരിൽ അറിയപ്പെടും. പരസ്യനിരക്ക് ബഹുകേമമായിരിക്കും. ഒരു പേജ് പരസ്യത്തിന് 10,000 രൂപ. (ഒരു വർഷം പത്രമിറക്കാൻ ഈ തുക മതിയാകും). ബാക്കിയെല്ലാം മിച്ചം. മഹാകഷ്ടമെന്നേ പറയേണ്ടൂ. പെന്തക്കോസ്തിലല്ലാതെ മറ്റൊരിടത്തും ഇത്തരം പത്രപ്രവർത്തനമില്ല. അതിന്റെ ഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** കൺവെൻഷൻ സ്റ്റേജുകളിൽ പ്രസംഗിക്കുന്നതിനിടയിലും പാട്ടും പ്രാർത്ഥനയും നടത്തുമ്പോഴും ചിലർ മൈക്കിലൂടെ അന്യഭാഷ പറയുന്നതായി കാണുന്നു. ഇത് വചാനാനുസൃതമാണോ? ഇതിലൂടെ ദൈവനാമം മഹത്വപ്പെടുമോ?

■ അന്യഭാഷയുടെ ഉപയോഗം, ദുരുപയോഗം തുടങ്ങിയവയേക്കുറിച്ച് ഡിഫെൻഡറിൽ പലവട്ടം എഴുതിയിട്ടുണ്ട്. എങ്കിലും വീണ്ടും എഴുതുകയാണ്.

അന്യഭാഷയുടെ ഉപയോഗം എന്ത്? അതിന് ദൈവവചനം തന്നെ മറുപടി പറയുന്നുണ്ട്. 1കൊരി.14:2 നോക്കുക. അന്യഭാഷയിൽ ദൈവത്തോടു സംസാരിക്കുന്ന കാര്യമാണ് ഇവിടെ പറയുന്നത്. ദൈവത്തോടു സംസാരിക്കുക എന്നാൽ പ്രാർത്ഥിക്കുക എന്നാണ് അർത്ഥം, അല്ലാതെ മനുഷ്യരുമായി കുശലം പറയുന്നതുപോലെയുള്ള സംസാരമല്ല. അതുകൊണ്ട് ഒരു പ്രാർത്ഥനാഭാഷ എന്ന നിലക്ക് അന്യഭാഷ ഉപയോഗിക്കാം. വേണ്ടുമ്പോലെ പ്രാർത്ഥിക്കാൻ നമുക്കറിഞ്ഞുകൂടാ. അതുകൊണ്ട് ദൈവത്തിന്റെ ആത്മാവ് നമുക്കു തുണ നിൽക്കുന്നു. ദൈവാത്മാവിന്റെ സഹായത്താൽ നമ്മുടെ ആത്മാവ് ദൈവത്തോടു സംസാരിക്കുന്നു.

ഇനി രണ്ടാമത്തെ അന്യഭാഷ. 1കൊരി.14:21 നോക്കുക. അന്യഭാഷയാലും അന്യൻമാരുടെ അധരങ്ങളാലും ദൈവം മനുഷ്യനോട് സംസാരിക്കുന്നു. അന്യഭാഷ വ്യാഖ്യാനിക്കാൻ വരം ലഭിച്ചിട്ടുള്ളവർ വ്യാഖ്യാനിക്കുന്നത് ഈ തരത്തിലുള്ള അന്യഭാഷയാണ്. ദൈവം മനുഷ്യനോടു സംസാരിക്കുന്നതിനെ പ്രവചനം എന്നു വിളിക്കാം. നമുക്ക് അറിയാവുന്ന ഭാഷയിൽ പ്രവചനമുണ്ടാകാം. അത് വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല. എന്നാൽ അന്യഭാഷയിലാണ് പ്രവചനമെങ്കിൽ അത് വ്യാഖ്യാനിക്കണം.

നമുക്ക് അറിഞ്ഞുകൂടാത്ത ഭാഷയിൽ ദൈവം എന്തിന് പ്രവചിക്കുന്നു? അറിഞ്ഞുകൂടാ. പക്ഷേ അങ്ങനെ സംഭവിക്കുന്നു എന്ന് ദൈവവചനം വ്യക്തമാക്കുന്നു. അതുകൊണ്ട് വിശ്വസിച്ചേ മതിയാകൂ. ദൈവം മനുഷ്യനു വെളിപ്പെടുത്തി കൊടുക്കാത്ത നിരവധി രഹസ്യങ്ങളുണ്ട്. ഇതും അവയിലൊന്നാണ്.

കൺവെൻഷൻ സ്റ്റേജിൽ മൈക്കിലൂടെ അന്യഭാഷ പറയുന്നത് ശരിയോ എന്നതാണല്ലോ നമ്മുടെ ചിന്താവിഷയം. മനുഷ്യൻ ദൈവത്തോട് അന്യഭാഷയിൽ സംസാരിക്കുമെങ്കിലും അത് മൈക്കിലൂടെ പറയേണ്ട ആവശ്യമില്ല. കാരണം, എത്ര ശബ്ദം കുറച്ചു പറഞ്ഞാലും ദൈവത്തിനു കേൾക്കാം. മാത്രമല്ല, കേൾക്കുന്നവർക്കു മനസ്സിലാകാത്ത അന്യഭാഷ മൈക്കിലൂടെ പറയുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ലല്ലോ.

ദൈവം മനുഷ്യനോടു സംസാരിക്കുന്ന അന്യഭാഷയുടെ കാര്യവും ഇങ്ങനെതന്നെ. മൈക്കിലൂടെ പറഞ്ഞതുകൊണ്ട് ഒരു പ്രയോജനവുമില്ല. ആർക്കും മനസ്സിലാകില്ല. എന്നാൽ വ്യാഖ്യാനി ഉണ്ടെങ്കിൽ മൈക്കിലൂടെ പറയാം. പക്ഷേ ഒരു പ്രശ്നമുണ്ട്. പ്രവചനം സഭയുടെ ആത്മീക വർദ്ധനയ്ക്കുള്ളതാണ്. പൊതുജനങ്ങളോടു പ്രസംഗിക്കുന്ന കൺവെൻഷനിൽ പ്രവചനവും അന്യഭാഷാവ്യാഖ്യാനവും മറ്റും ഉണ്ടാകാനുള്ള സാദ്ധ്യത കുറവാണ്.

കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും മൈക്കിലൂടെ അന്യഭാഷ പറയുന്നവർ ഇതൊന്നും പരിഗണിക്കുന്നില്ല. തങ്ങൾ വലിയ ഭക്തരാണെന്നും അത്ഭുതപ്രവർത്തകരാണെന്നും മറ്റും പൊതുജനങ്ങളെ അറിയിക്കണം. അതിനുള്ള മാർഗ്ഗമായാണ് പലരും അന്യഭാഷാഭാഷണത്തെ കാണുന്നത്. ഇത്തരക്കാർ കൊരിന്തിലുമുണ്ടായിരുന്നു. അവരോടാണ് 1കൊരി.14ൽ പൗലോസ് സംസാരിക്കുന്നത്.

പരിശുദ്ധാത്മസ്നാനം പ്രാപിച്ചവർക്ക് അന്യഭാഷയിൽ സംസാരിക്കാൻ കഴിയും. ഒരു പ്രാർത്ഥനാഭാഷ എന്ന നിലക്ക് ദൈവം അത് അവർക്കു കൊടുത്തിട്ടുള്ളതാണ്. മറ്റുള്ളവർക്കു ശല്യമുണ്ടാക്കാതെ അന്യഭാഷ പറയാനുള്ള അവകാശം ഏവർക്കുമുണ്ട്. പക്ഷേ സഭയിൽ വച്ച് ഇത്തരം അന്യഭാഷ പറയുമ്പോൾ കഴിയുന്നത്ര ശബ്ദം കുറച്ചു പറയുക. മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കരുത്. എന്നാൽ വ്യാഖ്യാനവരമുള്ളവർ സഭയിലുണ്ടെങ്കിൽ ഓരോരുത്തരായി അന്യഭാഷ പറയുകയും വ്യാഖ്യാനവരമുള്ളവർ വ്യാഖ്യാനിക്കയും ചെയ്യണം. അങ്ങനെ സഭക്ക് ആത്മീക വർദ്ധനമുണ്ടാകണം. വ്യാഖ്യാനി ഇല്ലെങ്കിൽ ഉച്ചത്തിൽ അന്യഭാഷ പറയരുത്.

കൺവെൻഷന് മൈക്കിലൂടെ അന്യഭാഷ പറയുന്നതുകൊണ്ട് ഗുണമില്ലെന്നു മാത്രമല്ല ദോഷമുണ്ടുതാനും. അന്യഭാഷ എന്നാൽ എന്തെന്നുപോലും തിരിച്ചറിയാത്ത സാധാരണക്കാർ അന്യഭാഷ കേട്ട് ദൈവമക്കളെ പരിഹസിക്കും. വ്യാജ അന്യഭാഷ ഉണ്ടാക്കി പറഞ്ഞെന്നും വരാം. വടി കൊടുത്ത് അടി വാങ്ങിക്കുന്ന പരിപാടിയാണിത്. അതുകൊണ്ട് മൈക്കിലൂടെ അന്യഭാഷ പറയുന്ന പരിപാടി ദൈവമക്കൾ ഒഴിവാക്കേണ്ടതാണ്.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# വൽസന്റെ വാർഷിക വരുമാനം എട്ടുകോടി രൂപയിലധികം

**India Gospel Outreach**
Rancho Cucamonga, CA

## Comparative Financial Data

| | 12/31/06 | 12/31/05 | 12/31/04 |
|---|---|---|---|
| **Revenue** | | | |
| Cash Donations | $1,983,850 | $1,168,480 | $1,274,502 |
| Noncash Donations | $0 | $0 | $0 |
| Other Revenue | $4,891 | $9,733 | $3,534 |
| Total Revenue | $1,988,741 | $1,178,213 | $1,278,036 |
| **Expenses** | | | |
| Program | $771,884 | $875,521 | $1,450,351 |
| Administrative | $81,113 | $77,063 | $74,851 |
| Fund-Raising | $75,606 | $77,694 | $65,870 |
| Total Expenses | $928,603 | $1,030,278 | $1,591,072 |
| Excess (or Deficit) for the Year | $1,060,138 | $147,935 | $-313,036 |
| Total Assets | $2,163,536 | $1,104,664 | $134,511 |
| Total Liabilities | $76,116 | $77,382 | $126,764 |
| Net Assets | $2,087,420 | $1,027,282 | $7,747 |

വൽസൻ ഏബ്രഹാമിന്റെ വാർഷിക വരുമാനം എത്ര? 2006ൽ എട്ടു കോടിയിൽപ്പരം രൂപ. കഴിഞ്ഞ വർഷത്തെ കണക്ക് അറിവായിട്ടില്ല. കൂടുതൽ വിവരങ്ങൾ താഴെ കാണുന്ന വെബ്സൈറ്റുകളിലുണ്ട്.

http://www.ecfa.org/ComparativeFinancialData.aspx?ID=10603
http://www.ecfa.org/MemberProfile.aspx?ID=10603
http://www.ministrywatch.com/mw2.1/F_FullRpt.asp?EIN=330193797

# പണത്തിനു മീതെ ബാലൻ പറക്കുന്നതെങ്ങനെ?

പണത്തിനു മീതെ പരുന്തും പറക്കില്ല എന്നാണ് ചൊല്ല്. പിന്നെ റ്റി.എസ്.ബാലൻ പറക്കുന്നതെങ്ങനെ?

വൽസൻ തമ്പുരാന്റെ ഒരു വർഷത്തെ വരുമാനം 2006ൽ എട്ടു കോടിയിൽപ്പരം രൂപയായിരുന്നു. ദിവസക്കണക്കിനു പറഞ്ഞാൽ ഒരു ദിവസത്തെ വരുമാനം രണ്ടു ലക്ഷത്തിൽ അധികം രൂപ. രണ്ടുലക്ഷം രൂപ നാളിതുവരെ റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഒന്നിച്ച് കൈയ്യിൽ എടുത്തിട്ടുപോലുമില്ല. എന്റെ ഒരു വർഷത്തെ വരുമാനം ഒരുലക്ഷം രൂപപോലും വരുന്നുമില്ല. ചുരുക്കി പറഞ്ഞാൽ എന്റെ ഒരു വർഷത്തെ വരുമാനം വൽസന് പത്തു മണിക്കൂർ കൊണ്ട് ഉണ്ടാകുന്ന വരുമാനത്തിനു തുല്യമാണ്. റ്റി.എസ്.ബാലന് വൽസനെ പണംകൊണ്ട് തോല്പിക്കാനാവില്ലെന്നു വ്യക്തമല്ലേ.

പണംകൊണ്ട് ജയിക്കാൻ കഴിയുന്ന എല്ലാ രംഗങ്ങളിലും വൽസൻ ജയിക്കും. നീതി, ന്യായം തുടങ്ങിയവയ്ക്ക് വിലയുള്ളിടത്ത് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ജയിക്കും. വൽസനെ തോല്പിക്കണമെങ്കിൽ വൽസന്റെ പണം ഇല്ലാതാകണം. അത് അത്ര എളുപ്പമുള്ള കാര്യമല്ല. ഈ ഭൂമിയിൽ കഴുതകളുള്ളിടത്തോളംകാലം അത് അസാദ്ധ്യമെന്നുതന്നെ പറയാം. എങ്കിലും വൽസന്റെ ഹുങ്ക് അല്പമൊന്നു ശമിപ്പിക്കാൻ ബുദ്ധിമുട്ടില്ല. എങ്ങനെ? അത് ഇപ്പോൾ പറയുന്നില്ല.

# ബഥേൽ പി. ജേക്കബ്ബിന് മസിൽ പ്രശ്നം കലശൽ

അടുത്തുകൂടാത്ത വിശുദ്ധിയിൽ വസിക്കുന്ന ബഥേൽ പി. ജേക്കബ്ബിനേക്കുറിച്ച് ലഭിക്കുന്ന വാർത്തകളൊന്നും അത്ര നല്ലതല്ല. ഒരുപക്ഷേ വിരോധികൾ പറഞ്ഞു പരത്തുന്ന അപവാദങ്ങളാകാം ഇവ എന്ന് കരുതിയിരുന്നെങ്കിലും ദൃക്സാക്ഷികളുടെ വിവരണം അവഗണിക്കാനാവില്ല. റ്റി.എസ്.ഏബ്രഹാമിനെ വെല്ലുന്ന വഷളനാണ് ബഥേൽ പി.ജേക്കബ്ബെന്ന് തെളിയിക്കുന്ന സംഭവങ്ങളാണ് കേൾക്കുന്നത്.

ഒന്നിലധികം ദൃക്സാക്ഷികളുള്ള ഒരു ഹീനമായ സംഭവം ഉദാഹരണമായെടുക്കാം. ബഥേലിന്റെ ധനസഹായത്തോടെ നടന്നിരുന്ന ഒരു ബൈബിൾ കോളേജിൽ ഇടയ്ക്കൊക്കെ ബഥേൽ എത്തുകയും താമസിക്കയും ചെയ്തിരുന്നു. അവിടെ എത്തിയാലുടൻ ഇയാളുടെ കാലിലെ മസിൽ കയറാൻ തുടങ്ങും. അത് തിരുമ്മി പഴയപടിയാക്കണം. (ടി.എസ്.ഏബ്രഹാമിനും ഈ അസുഖമുണ്ടായിരുന്നു).

സാധാരണക്കാരൊന്നും തിരുമ്മിയാൽ മസിലിന്റെ പ്രശ്നം തീരുകയില്ല, ബൈബിൾ കോളേജിൽ പഠിക്കാനെത്തിയ പെൺകുട്ടികൾ തന്നെ തിരുമ്മണം. പണമുള്ളവനല്ലേ, വിശുദ്ധനല്ലേ, അഭിഷിക്തനല്ലേ, തിരുമ്മാൻ പെൺകുട്ടികൾ തയ്യാർ. അങ്ങനെ തിരുമ്മൽ പൊടിപൂരമായി നടന്നു. (കൂടുതൽ വിശദാംശങ്ങൾ സെൻസർ ചെയ്യുന്നു). ഏതായാലും തിരുമ്മലിന്റെ മർമ്മം എത്ര വലിയത് എന്ന് ചിലർ നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടു. രംഗം കണ്ട ഒരു സ്ത്രീക്ക് ബോധക്കേടുമുണ്ടായി. വിശുദ്ധനല്ലേ, അഭിഷിക്തനല്ലേ, സംഭവം പുറത്തു പറഞ്ഞാൽ നരകത്തിൽ പോകേണ്ടതായി വരും. അതുകൊണ്ട് അവർ അത് കുറേക്കാലം രഹസ്യമാക്കിവച്ചു. ഇപ്പോൾ അല്പം ധൈര്യം കിട്ടിയതുകൊണ്ട് തുറന്നു പറയുന്നു. ഇത്തരം നിരവധി സംഭവങ്ങളുണ്ട്. അവയിൽ ചിലത് വരും ലക്കങ്ങളിൽ വിശദീകരിക്കാം.

# എ. ജിയിൽ ഗ്രൂപ്പില്ല (അപ്പൻ പത്തായത്തിലില്ല)

എ.ജിയിൽ ഗ്രൂപ്പില്ലെന്ന് ടി.ജെ.ശാമുവലും പി.എസ്.ഫിലിപ്പും ആണയിടുന്നു. (അപ്പൻ പത്തായത്തിലില്ലെന്ന് ഏവർക്കും അറിയാമല്ലോ). അതുകൊണ്ട് ചോദിക്കട്ടെ, എ.ജിയിലെ പടലപ്പിണക്കത്തിന്റെ ശരിയായ പേരെന്താണ്? കോൺഗ്രസ്സുകാർ ഗ്രൂപ്പെന്നും കമ്യൂണിസ്റ്റുകാർ വിഭാഗീകതയെന്നും വിളിക്കുന്ന സാധനത്തിന് എ.ജിയിൽ എന്താണു വിളിക്കുന്നതെന്നാണ് ചോദിക്കുന്നത്.

അധികാരസ്ഥാനങ്ങളോട് ടി.ജെ.ശാമുവലിന് പണ്ടേ ശത്രുതയാണ്. പക്ഷേ അധികാരം തന്റെ കൈയ്യിലാണെങ്കിൽ ശത്രുവിനെ സ്നേഹിക്കുമെന്നു മാത്രം. ഇത്തവണത്തെ കോൺഫ്രൻസിൽ എന്തു സംഭവിക്കുമെന്ന് നിശ്ചയമില്ല. അതുകൊണ്ട് അഡ്വാൻസായി അധികാര വിരോധം പ്രഖ്യാപിച്ചുകഴിഞ്ഞു. വീണ്ടും അധികാരം തന്റെ കൈയ്യിലെത്തിയാൽ ശത്രുവായ അധികാരത്തെ വചനാനുസൃതം പരമാവധി സ്നേഹിക്കാം. മറ്റാരുടെയെങ്കിലും കൈയ്യിൽ അധികാരമെത്തിയാൽ അധികാരത്തേയും അധികാരിയേയും ഉഗ്രമായി പകയ്ക്കാം.

# ലോകം അറിയാത്ത സംഭവം ഉജാഗിർ സിംഗ് എങ്ങനെയറിഞ്ഞു?

ഉജാഗിർസിംഗ് എന്ന പേരിൽ പെന്തക്കോസ്ത് പത്രങ്ങളിൽ എഴുതുന്ന ആൾക്ക് ദിവ്യജ്ഞാനമുണ്ടോ? ഉണ്ടെന്നുവേണം കരുതാൻ. കാരണം, ലോകത്തിലാരും അറിയാത്ത കാര്യം ഇദ്ദേഹം അറിഞ്ഞിരിക്കുന്നു. സംശയമുള്ളവർ ക്രൈസ്തവചിന്തയുടെ ജനുവരി ലക്കം മൂന്നാം പേജ് നോക്കുക. അവിടെ ''ലോകം അറിയാത്ത സംഭവം'' എന്ന തലക്കെട്ടിൽ ഒരു കുറിപ്പ് ഇദ്ദേഹം എഴുതിയിട്ടുണ്ട്. 2007 സെപ്റ്റംബർ ആദ്യ ആഴ്ചയിൽ നടന്നതെന്ന് പറയപ്പെടുന്ന ഒരു കാര്യമാണ് കുറിപ്പിലുള്ളത്. യിസ്രായേൽ സിറിയയിൽ ബോംബിട്ടത്രേ. ഈ സംഭവം ഉജാഗിർസിംഗ് എങ്ങനെ അറിഞ്ഞു. മൂന്നാം ലോകമഹായുദ്ധം ഉണ്ടാകാൻ പോകുന്നു എന്ന ഭീതി ജനങ്ങൾക്ക് ഉണ്ടാകുന്നത് ഒഴിവാക്കാനാണ് ഈ വാർത്ത രഹസ്യമാക്കി വെച്ചതെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി പറഞ്ഞത്രേ. അദ്ദേഹം ഇങ്ങനെ പറഞ്ഞു എന്നതിന് തെളിവെന്ത്? ബ്രിട്ടീഷ് പ്രധാനമന്ത്രി പറഞ്ഞത് ലോകം അറിഞ്ഞില്ലേ?

# ചിന്നമ്മയെ സൂക്ഷിക്കുക

പണ്ഡിത രമാബായി സ്ഥാപിച്ച മുക്തിമിഷനിലെ പ്രവർത്തകയാണെന്ന് അവകാശപ്പെടുന്ന ചിന്നമ്മ എന്നൊരു സ്ത്രീ മുക്തിമിഷന്റെ പേരിൽ പണപ്പിരിവു നടത്തുന്നതായി അറിയുന്നു. എറണാകുളത്തുള്ള ഒരു വീട്ടിൽ താമസിച്ചുകൊണ്ട് കഴിഞ്ഞ രണ്ടു വർഷത്തിലേറെയായി ഇവർ പിരിവുനടത്തുന്നു.

ഇവർ മുക്തിമിഷനിൽ ഉണ്ടായിരുന്നു എന്നത് ശരിതന്നെ. പക്ഷേ ഇപ്പോൾ ഇവർക്ക് മുക്തിമിഷനുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മുക്തിമിഷനിൽ അംഗമായ ഒരു സ്ത്രീ രണ്ടു വർഷത്തിലധികം കാലം ഒരു അന്യ വീട്ടിൽ താമസിച്ച് പിരിവു നടത്താൻ മുക്തിമിഷൻ അനുവദിക്കുമെന്നു തോന്നുന്നില്ല.

ഇവരുടെ പ്രസംഗവും ജീവിത രീതികളും സംശയം ഉണർത്തുന്നതാണ്. ''എനിക്കെന്താ കുറവ്, ഞാൻ സുന്ദരിയല്ലേ'' എന്നൊക്കെ ഈയിടെ ഇവർ ഒരു യോഗത്തിൽ പ്രസംഗിക്കയുണ്ടായി. ഏതായാലും ഇവരുമായി ഇടപെടുന്നതും ഇവരെ പ്രസംഗത്തിനു വിളിക്കുന്നതും രണ്ടുവട്ടം ആലോചിച്ചിട്ടുമതി.

# മാനസാന്തരം മൂന്നുമാസത്തേക്കോ?

മൂത്ത മാനസാന്തരം മൂന്നു മാസം എന്നൊരു ചൊല്ലുണ്ട്. സാം കുഴിക്കാല മാനസാന്തരപ്പെട്ടു എന്ന് ജനുവരി ലക്കം ക്രൈസ്തവചിന്തയിൽ വായിച്ചപ്പോൾ ഈ പഴഞ്ചൊല്ലാണ് ഓർമ്മവന്നത്.

എന്താ, സാം കുഴിക്കാലയ്ക്ക് മാനസാന്തരപ്പെടാൻ പറ്റില്ലേ? അതിനുള്ള മറുപടി ദൈവവചനത്തിലുണ്ട്. ''ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയ ദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിൻമാറിപ്പോയാൽ, തങ്ങൾക്കു തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആകുകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല.''

ഇത്ര നിശിതവും വ്യക്തവുമായ വാക്യം ബൈബിളിലുണ്ടെങ്കിലും സാം കുഴിക്കാല മാനസാന്തരപ്പെട്ടു എന്നത് സത്യമാണെങ്കിൽ ഡിഫെൻഡറിന് സന്തോഷമേയുള്ളൂ. പക്ഷേ ആ മാനസാന്തരം മൂന്നു മാസത്തേക്കല്ല ജീവിതകാലം മുഴുവനുള്ളതായിരിക്കണം. പക്ഷേ തട്ടിപ്പും വെട്ടിപ്പും സാം കുഴിക്കാലയുടെ രക്തത്തിൽ അലിഞ്ഞുചേർന്നതാണ്. അത് ഇല്ലാതാക്കാൻ മാനസാന്തരത്തിനു കഴിയുമോ?

# ഇണ്ടൻതുരുത്തിയിൽ ഐ.പി.സിയുടെ പുതിയ സഭ

ഏതെങ്കിലും ഒരു സ്ഥലത്ത് ഐ.പി.സിയുടെ പുതിയ സഭ, അല്ലെങ്കിൽ ഐ.പി.സിക്ക് പുതിയ സെന്റർ എന്നൊക്കെ പെന്തക്കോസ്ത് പത്രങ്ങളിൽ വാർത്ത കാണാം. ദൈവവചന പരിജ്ഞാനമില്ലാത്തവർ പത്രാധിപൻമാരായതാണ് ഇത്തരം വാർത്തകൾ വരാൻ കാരണം. ആരെങ്കിലും ഇത്തരം വാർത്തകൾ എഴുതി തന്നാൽ അത് വള്ളി പുള്ളി വിടാതെ പ്രസിദ്ധീകരിക്കാൻ പത്രാധിപർ വേണമെന്നില്ല.

എന്താണ് ഇത്തരം വാർത്തകളുടെ കുഴപ്പം? ഇണ്ടൻതുരുത്തിയിൽ ഒരു പുതിയ പ്രാദേശികസഭ ഉണ്ടായി എന്നതാണ് വാർത്തയെങ്കിൽ അതു നല്ലതുതന്നെ. പക്ഷേ ദൈവമക്കളെ സംഘടനയുടെ പേരിൽ ഭിന്നിപ്പിക്കുന്ന ഐ.പി.സി, ശാരോൻ, എ.ജി., സി.ജി തുടങ്ങിയ ചാരിറ്റബിൾ സൊസൈറ്റികൾക്ക് പുതിയ ശാഖകളുണ്ടാകുന്നതിലൂടെ സാത്താനാണ് ജയിക്കുന്നത്.

# ഇതോ കേരളത്തിന്റെ വരപ്രസാദം?

പെന്തക്കോസ്തു സമൂഹത്തിനു ലഭിച്ച വരപ്രസാദമാണ് കെ.എ.ഏബ്രഹാം എന്ന് ഷിബു പീടിയേക്കൽ പറയുകയുണ്ടായി. ഇയാൾ വരമാണെങ്കിൽ പിന്നെ ശാപം എങ്ങനെയിരിക്കും എന്ന് ഒരു പിടിയും കിട്ടുന്നില്ല. ജയോത്സവമെന്ന പേരിൽ ഈയിടെ തിരുവനന്തപുരത്തു നടന്ന മീറ്റിംഗിൽ കെ.എ.ഏബ്രഹാം നടത്തിയ പ്രസംഗം മാത്രം മതി ഈ വിവരദോഷി വരപ്രസാദമാണോ ശാപമാണോ എന്നു മനസ്സിലാക്കാൻ. മിനിട്ടിന് ഒന്ന് എന്ന ക്രമത്തിനാണ് വിവരക്കേട് എഴുന്നെള്ളിച്ചത്. ഇതാ സാമ്പിൾ.

ആദ്യം മലയാളസാഹിത്യം: (സാമ്പശിവന്റെ ശബ്ദത്തിലാണ് അവറാച്ചന്റെ കസർത്ത്).

''സസ്യശബളാഭമായ കേരളഭൂമിയുടെ ഐഹികസമ്പൂർണ്ണമായ അനന്തപുരി. അതിന്റെ ശാലീന സൗന്ദര്യം വിതുമ്പിനിൽക്കുന്ന രാജവീഥി. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം. ജനനിബിഡമായ ഈ അന്തരീക്ഷം, സരിഗമപധനിസ എന്നീ ഏഴക്ഷരം കൊണ്ട് ശ്രുധി ലയാ സ്വര സമ്മിശ്ര സമ്മേളനം. മനുഷ്യന്റെ ഹൃദയത്തിന്റെ അഗാധതലങ്ങളിൽ ഉറങ്ങിക്കിടക്കുന്ന ആത്മീയ തന്ത്രികളെ തൊട്ടുണർത്തുന്ന സ്വരരാഗ മാധുരി ....'' (എന്റമ്മോ).

''വിരൽത്തുമ്പുകൊണ്ടു വൃത്തിയാക്കിയ വിഗ്രഹങ്ങളെ വിപണിയിൽ വിലപേശിവിറ്റ് ഊരിന്റെ തെരുവീഥികളിൽ നേരില്ലായ്മയുടേയും നെറികേടിന്റേയും വിത്തുപാകിയ തേരഹിന്റെ മകനായ അബ്രഹാമിനെ വറുതിയുടെ വറചട്ടിയിലിട്ടു വറുത്തെടുത്ത് വാഗ്ദത്തത്തിന്റെ ഉലയിൽ കാച്ചി പഴുപ്പിച്ച് വിശ്വാസത്തിന്റെ നെറുകയിൽ നിർത്തി കൃപയുടെ അരം കൊണ്ടു രാഗിമിനുക്കി വിശ്വാസത്തിന്റെ പിതാവാക്കി മാറ്റിയ പിതാവായ ദൈവം, തേജോമയനായ ദൈവം, വെളിപ്പാടുകൊണ്ട് അബ്രഹാമിനെ ഒപ്പിയെടുത്തു ദൈവം അത്ഭുതകരമായി നടത്തി. പഴയനിയമത്തിലെ ഏബ്രഹാമിന്റെ അതേദൈവം ഇന്നു രാത്രി കെ.എ.ഏബ്രഹാമിന്റെ കൂടേയും ഇന്നു രാത്രി ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിലുണ്ട്.'' (ഉണ്ടേഉണ്ട്).

ഈ വിധത്തിൽ കുറെ ഏറെ കൊലപാതകങ്ങൾ അവറാച്ചൻ നടത്തിയിട്ടുണ്ട്. താൻ വലിയ പണ്ഡിതനാണെന്നു വരുത്തി തീർക്കാൻ നടത്തുന്ന ശ്രമങ്ങളാണ് ഇങ്ങനെ വിവരക്കേടുകളുടെ ഘോഷയാത്രയാകുന്നത്.

മലയാളഭാഷയോടു മാത്രമല്ല ഇംഗ്ലീഷിനോടും അവറാച്ചൻ ക്രൂരത കാട്ടുന്നുണ്ട്. മലയാളത്തിൽ ഐഡിയാസ് എക്സ്പ്രസ്സ് ചെയ്യാൻ തനിക്ക് വലിയ ഡിഫിക്കൽറ്റിയാണെന്നു ശ്രോതാക്കളെ ബോദ്ധ്യപ്പെടുത്താൽ നോ, നെവർ എന്നൊക്കെ പറയും. പക്ഷേ ഏസ് രോഗം അതി കലശലാണ്. ഈ ഒറ്റ പ്രസംഗത്തിൽ മൂന്നുറിലധികം ഏസ് പറഞ്ഞു. ഒറ്റ ശ്വാസത്തിന് പത്തും പതിനഞ്ചും ഏസ്സുകൾ വരെ പറഞ്ഞിട്ടുമുണ്ട്. എന്താണ് ഈ ഏസ്സുകൾ കൊണ്ട് അവറാച്ചൻ അർത്ഥമാക്കുന്നതെന്ന് ഒരു പിടിയും കിട്ടുന്നില്ല.

അവറാന്റെ അലറൽ അസഹ്യമായപ്പോൾ (ആംപ്ലിഫയർ കരിഞ്ഞുപോകുമെന്ന ഭയംമൂലം) മൈക്ക്സെറ്റുകാരൻ വോള്യം അല്പം കുറച്ചു. അത് അവറാന് ഇഷ്ടമായില്ല. വോള്യം കുറയ്ക്കരുതെന്ന് ഇംഗ്ലീഷിലാണ് മൊഴിഞ്ഞത്: Excuse me, don't change my sound, please, please increase the monitor. Some more, some more. Praise the Lord, Praise the Lord, no, that is not increasing, that is not increasing, please increase some more. That is very good, please don't change this voice. This is a big meeting. I cannot tolerate the tone. That is why....




മാതൃഭാഷയെ നടുറോഡിലിട്ട് വസ്ത്രാക്ഷേപം ചെയ്യുന്ന ഈ നീചൻ വിദേശഭാഷയായ ഇംഗ്ലീഷിനോട് ഈ ക്രൂരത കാട്ടുന്നതിൽ അത്ഭുതമില്ല. ഇംഗ്ലീഷ് അറിയാവുന്ന ആയിരങ്ങൾ തിരുവനന്തപുരത്തുണ്ടെന്നെങ്കിലും ഈ ശുംഭൻ ഓർക്കേണ്ടതായിരുന്നു. ഇംഗ്ലീഷിലെ കുറെ വാക്കുകൾ പറഞ്ഞാൽ ഇംഗ്ലീഷാകുമെന്ന ധാരണ ഇനിയെങ്കിലും കെ.എ.ഏബ്രഹാം മാറ്റിയാൽ നന്ന്.

വിവരംകെട്ട പെന്തക്കോസ്തുകാരുടെ കൈയ്യടി വാങ്ങാനായി ദേശീയപതാകയിലെ വെള്ളനിറം പെന്തക്കോസ്തുകാരാണെന്നു പറഞ്ഞതുപോലെ ചിലതെല്ലാം കെ.എ.ഏബ്രഹാം തിരുവനന്തപുരത്തും പറഞ്ഞു. ഒറീസ്സയിൽ പീഡയുണ്ടായപ്പോൾ സ്വർഗ്ഗത്തിലെ കോടതിയിൽ ചർച്ച തുടങ്ങിയത്രേ. ദൈവമക്കളെ പീഡിപ്പിച്ചവർക്ക് ഉടൻ ശിക്ഷ ഉണ്ടാകുമത്രേ. ദൈവവചനം അങ്ങനെ പറയുന്നുണ്ടെന്നും അവറാൻ വ്യക്തമാക്കി. പക്ഷേ ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചിട്ടുള്ള ആരും ഈ വിധത്തിലുള്ള വിഡ്ഢിത്തങ്ങൾ പറയുകയില്ല. ദൈവസഭയെ പീഡിപ്പിച്ചവരെ വളരെ അപൂർവ്വമായി മാത്രമേ ദൈവം ഈ ലോകത്തുവച്ച് ശിക്ഷിച്ചിട്ടുള്ളൂ. സംശയമുള്ളവർ പുതിയനിയമം ശ്രദ്ധിച്ചു വായിക്കുക.

ഇവിടത്തെ കോടതിക്ക് ഞായറാഴ്ച അവധിയാണെന്നും ഞായറാഴ്ച കേസ്സെടുക്കുന്ന ഒരു കോടതിയേ ലോകത്തുള്ളൂ, അത് ദൈവത്തിന്റെ കോടതിയാണെന്നും അവറാച്ചൻ കണ്ടുപിടിച്ചിരിക്കുന്നു. ഞായറാഴ്ച കേസ്സെടുക്കുന്ന കോടതി ഈ ലോകത്തുണ്ടോ എന്നറിയാൻ ഗൾഫിലുള്ള സഹോദരങ്ങളോട് അന്വേഷിച്ചാൽ മതി. പക്ഷേ എല്ലാം അറിയാമെന്നു സ്വയം ധരിച്ചു വച്ചിരിക്കുന്നതുകൊണ്ട് കെ.എ.ഏബ്രഹാം വസ്തുതകൾ അന്വേഷിച്ച് കണ്ടെത്താൻ ശ്രമിക്കാറില്ല.

ലോക ചരിത്രത്തിൽ ഹർത്താൽ നടത്താത്ത ഒരു ഗ്രൂപ്പുണ്ടെങ്കിൽ അത് വേർപെട്ട ദൈവമക്കളാണെന്ന് കെ.എ. ഏബ്രഹാം കണ്ടുപിടിച്ചിട്ടുണ്ട്. മാത്രമല്ല ബസ്സ് കത്തിച്ചിട്ടില്ലാത്ത ഒരു ഗ്രൂപ്പുണ്ടെങ്കിൽ, മന്ത്രിമാരെ വഴിയിൽ തടയാത്ത ഒരു ഗ്രൂപ്പുണ്ടെങ്കിൽ, അതും പെന്തക്കോസ്തുകാരാണത്രേ. ബുദ്ധമതക്കാരും ജൈനമതക്കാരും നിരീശ്വരവാദികളും മറ്റും ഹർത്താൽ നടത്തുന്നുണ്ടോ? ഉണ്ടെന്നിരിക്കട്ടെ. യഹോവാസാക്ഷിക്കാരും ശാബതുകാരും ബ്രദറുകാരും മാർതോമ്മാക്കാരും മറ്റും എന്നാണപ്പാ ഹർത്താൽ നടത്തുകയും മന്ത്രിമാരെ വഴിയിൽ തടയുകയും ചെയ്തത്? വിവരക്കേടു പറയുന്നതിനും വേണ്ടേ ഒരതിരൊക്കെ.

സകല വചന പണ്ഡിതരേയും വണ്ടറടിപ്പിക്കുന്ന ഒരു കണ്ടുപിടുത്തം വിശുദ്ധ അവറാൻ തിരുവനന്തപുരത്തു നടത്തി. പെട്ടകവുമായി വന്ന കാള എന്തുകൊണ്ടു വിരണ്ടു എന്നതാണത്. കാള വിരണ്ടതെങ്ങനെയെന്നറിയാതെ ഭൂലോകമെങ്ങുമുള്ള തിയോളജിയൻമാർ താടിക്ക് കൈയ്യും കൊടുത്തിരിക്കയായിരുന്നല്ലോ. ഇനി നിവർന്നിരിക്കാം. ആ രഹസ്യമിതാ പുറത്തു വരുന്നു. ''കച്ചി കണ്ടിട്ടാണ് കാള വിരണ്ടത്. നാഗോന്റെ വയലിൽ കിടക്കുന്ന കച്ചിത്തുറു കണ്ടാണ് കാള വിരണ്ടത്.''

ബലേഭേഷ് എന്നല്ലാതെ ഒന്നും പറയാനില്ല. ദൈവവചനത്തിലില്ലാത്ത ഈ കച്ചിത്തുറു എവിടെനിന്നു വന്നു എന്നു ചോദിക്കരുത്. ചോദിച്ചാൽ അവറാൻ കോപിക്കും. പറയുന്നത് പരിശുദ്ധാത്മാവാണ്. അതുകൊണ്ട് വിശ്വസിച്ചുകൊള്ളണം. കെ.എ. ഏബ്രഹാമിന്റെ മനസ്സിൽ തോന്നുന്നതെല്ലാം പരിശുദ്ധാത്മാവ് തോന്നിക്കുന്നതാണ്. അതു വിശ്വസിക്കാത്തവൻ നരകത്തിൽ പോകും. (ആമേൻ).

ഈ പ്രശ്നത്തിന് ഇതിനേക്കാൾ നല്ല ഒരു വ്യാഖ്യാനം മറ്റൊരു വിരുതൻ പണ്ട് നൽകിയിട്ടുണ്ട്. അവിടെ ഒരു പശു നിൽപ്പുണ്ടായിരുന്നെന്നും പശുവിനെ കണ്ടിട്ടാണ് കാള വിരണ്ടതെന്നുമാണ് ആ മാന്യദേഹം കണ്ടുപിടിച്ചത്. കെ.എ.ഏബ്രഹാം തുടർന്നു പറയുന്ന വ്യാഖ്യാനവുമായി പൊരുത്തപ്പെടുന്നത് കച്ചിയേക്കാൾ പശുവാണ് എന്നതും ശ്രദ്ധേയമാണ്. അവറാൻ തുടരുന്നു: ''ഏതു പെട്ടകം ചുമന്നാലും ചിലർ ഇങ്ങനെയാ. കച്ചി കണ്ടാൽ വിരളും. നാഗോന്റെ കണ്ടത്തിൽ കച്ചിത്തുറു കണ്ടു. പുസ്തകം താഴെ വച്ചിട്ട് കച്ചി തുറുവിന്റെ പിന്നാലെ പോയി.'' പക്ഷേ ഇത് ''ഏതു പെട്ടകം ചുമന്നാലും ചിലർ ഇങ്ങനെയാ. പശുവിനെ കണ്ടാൽ വിരളും. നാഗോന്റെ കണ്ടത്തിൽ കാള പശുവിനെ കണ്ടു. പുസ്തകം താഴെ വച്ചിട്ട് പശുവിന്റെ പിന്നാലെ പോയി.'' എന്നു പറയുകയല്ലേ അവറാച്ചാ കൂടുതൽ ഉചിതം. പറയുന്നത് ശുദ്ധ വിവരക്കേടാകുമ്പോൾ കച്ചിയേക്കാൾ പശുവിനല്ലേ കൂടുതൽ വിശ്വാസ്യത?

കാള വിരണ്ടപ്പോൾ കാളക്ക് അഭിഷേകം കിട്ടിയതാണെന്ന് ചിലർ വിചാരിച്ചത്രേ. കെ.എ. ഏബ്രഹാമിന്റെ കുടുംബക്കാർ ആരെങ്കിലും അക്കാലത്തുണ്ടായിരുന്നു എന്ന് കരുതാം. ഇത്തരം വിഡ്ഢിത്തം വിശ്വസിക്കാൻ അവർക്കേ കഴിയൂ.

ഉസ്സാ എന്തുകൊണ്ട് പെട്ടകത്തെ തൊട്ടു? അതിനുമുണ്ട് ഉത്തരം. ''എന്റെ അപ്പൻ തൊട്ട പെട്ടകമല്ലേ, അതുകൊണ്ട് എനിക്കും തൊടാം'' എന്ന് ഉസ്സ കരുതിയത്രേ. ഒരു സംശയം: ഉസ്സയുടെ അപ്പൻ എപ്പോഴാണ് പെട്ടകത്തിൽ തൊട്ടത്? ദൈവവചനത്തിൽ അങ്ങനെ പറയുന്നില്ലല്ലോ. (കഥയിൽ ചോദ്യമില്ല).

കെ.എ.ഏബ്രഹാം നടത്തിയ കണ്ടുപിടുത്തങ്ങളിൽ ഏറ്റവും ഭീകരം ഒടുവിലായി പ്രഖ്യാപിച്ചതാണ്: കുടുംബങ്ങളെ തകർക്കുന്ന ഒരു പിശാച് തിരുവനന്തപുരം ജില്ലയിൽ വ്യാപരിക്കുന്നു. ആ പിശാചിനെ എല്ലാ ദൈവദാസൻമാരും ചേർന്ന് തകർക്കണം. അതിനുള്ള വഴി എന്താണ്? വഴിയും അവറാൻ പറഞ്ഞുകൊടുത്തു: എല്ലാ ദൈവദാസൻമാരും മുൻപോട്ടു വരിക. തുടർന്നു നടക്കുന്ന ആരാധനയുടെ സമയത്ത്

(അടുത്ത പേജിൽ തുടരുന്നു...)

# ജയോത്സവത്തിൽ ജയിച്ചതാര്?

ജയോത്സമെന്ന പേരിൽ തിരുവനന്തപുരത്തു നടന്ന യോഗം വൻവിജയമായിരുന്നു എന്ന് അറിയുന്നതിൽ ഡിഫെൻഡറിന് പെരുത്ത സന്തോഷമുണ്ട്. എങ്കിലും ഒരു സംശയം അവശേഷിക്കുന്നു: ഈ ഉത്സവത്തിൽ ജയിച്ചതാര്? കർത്താവോ? സാത്താനോ? സംഘാടകരോ?

സാധാരണ സുവിശേഷ യോഗങ്ങളിൽ പ്രസംഗിക്കുന്നവർ തന്നെയാണ് ഇവിടേയും പ്രസംഗിച്ചത്. കെ.എ.ഏബ്രഹാം പതിവിലധികം വിഡ്ഢിത്തങ്ങൾ പറഞ്ഞു എന്നതൊഴികെ എടുത്തു പറയത്തക്ക പ്രത്യേകതകളൊന്നും ഉണ്ടായിരുന്നില്ല. എന്നിട്ടും ഇത് ജയോത്സമായതെങ്ങനെ? എന്തു ജയമാണ് ഉണ്ടായത്?

പരസ്യത്തിനുവേണ്ടി മാത്രം എത്രലക്ഷം രൂപ ചെലവഴിച്ചു? തിരുവനന്തപുരത്തു നടന്ന യോഗത്തിന്റെ പരസ്യബോർഡ് തിരുവല്ലയിൽ കണ്ടു. എവിടെനിന്നാണ് ഇത്രയധികം പണം ലഭിച്ചത്. ഇങ്ങനെ ദീപാളി കുളിക്കാൻ പണം ലഭിക്കുന്നതെങ്ങനെ എന്നറിയാൻ സർക്കാരിനും താല്പര്യമുണ്ടാകും.

യോഗത്തിന് എത്തിയവരെ പരമാവധി പിഴിയാൻ നടത്തിയ അടവുകൾ ഒന്നാംതരമായി. സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാക്കാൻ കെ.എ.ഏബ്രഹാം പറഞ്ഞ കളളക്കഥ കൈരളിയിൽ വാർത്തയുമായി. പൊതുജനങ്ങളെ കബളിപ്പിച്ച് പണം തട്ടുന്ന കാര്യത്തിൽ ഈ യോഗം ശരിക്കും ജയത്തിന്റെ ഉത്സവമായിരുന്നു എന്നതിനു സംശയമില്ല.

സുവിശേഷവേലയ്ക്ക് പതിനായിരം രൂപയുടെ ചെക്ക് കൊടുക്കുകയും ഇരുമ്പു കയറ്റിയ കപ്പൽ മുങ്ങിയെന്നു കേട്ടപ്പോൾ ഒരുലക്ഷം രൂപയുടെ ചെക്ക് കൊടുക്കയും ചെയ്ത ആ കോടീശ്വരനാര്? കെ.എ.ഏബ്രഹാമിനോടു ചോദിച്ചിട്ട് പറഞ്ഞാൽ മതി. ഈ ഭൂലോകത്തുള്ള ഏതു രാജ്യത്താണ് അയാളുടെ താമസം? പതിനായിരം രൂപയും ഒരുലക്ഷം രൂപയും മറ്റും കൊടുത്തെന്നു പറഞ്ഞതു കൊണ്ട് കക്ഷി ഇന്ത്യാക്കാരനാണെന്നു തോന്നുന്നു. ആരാണ് ആ ഇന്ത്യാക്കാരൻ? ഇരുമ്പാകുമ്പോൾ വെള്ളത്തിൽ താഴാൻ വളരെ എളുപ്പമായിരിക്കുമെന്നറിഞ്ഞുകൊണ്ടാണോ കഥയിലെ കപ്പലിൽ ഇരുമ്പു കയറ്റിയത്?

ഇടയ്ക്ക് ഒരു സംശയം ചോദിക്കട്ടെ: കൊന്നനിൽക്കുന്നതിൽ ശുശ്രൂഷിക്കുന്ന സഭയിലെ വിശ്വാസികൾ അവരുടെ പാസ്റ്റർ എന്തു പറഞ്ഞാലും ചോദ്യം ചെയ്യാതെ അനുസരിക്കുന്നവരാണെന്ന് കെ.എ.ഏബ്രഹാം പ്രസംഗത്തിനിടയിൽ പറഞ്ഞത് ശരിയാണോ? തിരുവനന്തപുരം നഗരത്തിൽ ഇത്രയേറെ കഴുതകളുണ്ടെന്ന് വിശ്വസിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ചോദിച്ചെന്നേയുള്ളൂ. പാസ്റ്ററല്ല ദേവേന്ദ്രന്റെ മോൻ കുഞ്ഞൗസേപ്പ് പറഞ്ഞാലും ദൈവവചനവിരുദ്ധമായതൊന്നും അനുസരിക്കില്ലെന്നു പറയാൻ തക്ക വിവരമുള്ള ഒരാളുപോലും ആ സഭയിലില്ലേ?

കുടുംബബന്ധങ്ങളെ തകർക്കുന്ന പിശാച് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്നതായി കെ.എ.ഏബ്രഹാം പ്രസംഗിച്ചല്ലോ. അങ്ങനെയൊരു സ്പെഷ്യൽ പിശാച് തിരുവനന്തപുരം ജില്ലയിൽ മാത്രമായി പ്രവർത്തിക്കുന്നതിന്റെ ഗുട്ടൻസ് എന്താണ്? ഇവന്റെ പരിപാടികൾ എന്തൊക്കെയാണ്? യോഗത്തിനെത്തിയ സകല പാസ്റ്റർമാരേയും സ്ത്രീകളുടെ ഇടയിലേക്ക് അഴിച്ചുവിട്ടപ്പോൾ ഈ പിശാചിന്റെ തന്ത്രം പൊളിഞ്ഞോ? എന്തൊക്കയാണ് ആ പാസ്റ്റർമാർ കാട്ടിക്കൂട്ടിയതെന്ന് സംഘാടകർ ശ്രദ്ധിക്കാഞ്ഞതെന്ത്?

തിരുവനന്തപുരം നഗരത്തിൽ 50 സെന്റ് സ്ഥലം തരാമെന്നു കർത്താവ് പറഞ്ഞതായി കേട്ടു. മുൻപു കിട്ടിയ പത്തു സെന്റ് പോരെന്നു കർത്താവിനു തോന്നിയതുകൊണ്ടായിരിക്കും പുതിയ വാഗ്ദാനം എന്നു കരുതാം. ഈ പറയുന്ന അൻപതു സെന്റിന് എത്രകോടി രൂപ വില വരും? എവിടെനിന്നാണ് ഈ പണം ലഭിക്കുന്നത്? നിയമാനുസൃതമുള്ള ഇടപാടാണോ നടത്തുക? സ്ഥലം ആരുടെ പേരിലാണ് എഴുതുക?

യോഗസ്ഥലത്ത് മൈക്കിലൂടെ അന്യഭാഷ പറയുന്നതും അന്യഭാഷയിൽ പാടുന്നതും മറ്റും കേട്ടു. ബൈബിളിലെ ഏതു വാക്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇതൊക്കെ ചെയ്തത്? എന്താണു പറയുന്നതെന്നോ പാടുന്നതെന്നോ ആർക്കും മനസ്സിലായില്ലെന്നു വ്യക്തം. ഇതിലൂടെ എന്തു വിധത്തിലുള്ള ആത്മീക വർദ്ധനവാണ് ഉണ്ടായത്?

ആരംഭത്തിൽ ചോദിച്ച ചോദ്യം വീണ്ടും ചോദിച്ചുകൊണ്ട് അവസാനിപ്പിക്കട്ടേ: ജയോത്സവത്തിൽ ജയിച്ചതാര്? ദൈവമോ? സാത്താനോ? അതോ സംഘാടകരോ? (മുഖസ്തുതി പറയുകയാണെന്നു കരുതരുത്: മഹാ മോശമായിപ്പോയി).

# മോർമോൺ പ്രസിഡന്റ് അന്തരിച്ചു



Gordon B. Hinckley



Thomas S. Monson

മോർമോൺ പ്രസിഡന്റായ ഗോർഡൻ (97) അന്തരിച്ചു. തോമസ് മാൻസൻ അടുത്ത പ്രസിഡന്റായേക്കും. ജനുവരി 27ന് ആയിരുന്നു ഗോർഡൻ മരിച്ചത്. മോർമോൺ പാരമ്പര്യമനുസരിച്ച് ഏറ്റവും മുതിർന്ന നേതാവാണ് പ്രസിഡന്റാകേണ്ടത്. ഇത്തവണയും ഈ കീഴ്വഴക്കം പിൻതുടർന്നാൽ മാൻസൻ പ്രസിഡന്റാകും.

ഏറ്റവും ജനപിൻതുണയുള്ള കൾട്ടുകളിൽ ഒന്നാണ് യേശുക്രിസ്തുവിന്റെ പിൽക്കാല വിശുദ്ധൻമാരുടെ സഭ എന്ന പേരിൽ അറിയപ്പെടുന്ന മൊർമോൺ സഭ. ബുക്ക് ഓഫ് മൊർമോൺ എന്ന പുസ്തകമാണ് അവരുടെ മതഗ്രന്ഥം. യേശുക്രിസ്തുവിനേയും ബൈബിളിനേയും അംഗീകരിക്കുന്നതായി ഇവർ അവകാശപ്പെടാറുണ്ടെങ്കിലും കൾട്ടിന്റെ എല്ലാ ലക്ഷണങ്ങളും തികഞ്ഞ ഒരു പ്രസ്ഥാനമാണിത്.




ജോസഫ് സ്മിത്ത് എന്നൊരാൾക്കു കിട്ടിയതായി പറയപ്പെടുന്ന വെളിപ്പാടുകളാണ് മൊർമോൺ സഭയുടെ ഉത്ഭവത്തിനു കാരണമായത്. മൊർമോൺ പുസ്തകം ഇവർ ആധാരമായി സ്വീകരിക്കുന്നതുകൊണ്ട് മൊർമോൺ സഭ എന്ന പേരിൽ ഇവർ അറിയപ്പെടുന്നു. മൊറോണി എന്ന ദൂതൻ ജോസഫ് സ്മിത്തിന് വെളിപ്പെടുത്തി കൊടുത്തതാണ് ബുക്ക് ഓഫ് മൊർമോൺസ് എന്നാണ് വിശ്വാസം. ഈ പുസ്തകം ആദ്യമായി പുറത്തിറങ്ങിയത് 1830ൽ ആയിരുന്നു. അതിനുശേഷം നിരവധി എഡിഷനുകളിലായി ലക്ഷക്കണക്കിനു കോപ്പികൾ പ്രസിദ്ധീകരിച്ചു.

മറ്റുകൾട്ടുകളേപ്പോലെ ഇവരും ത്രിത്വത്തിൽ വിശ്വസിക്കുന്നില്ല. ഇവരുടെ യേശു ബൈബിളിലെ യേശുവുമല്ല. മനുഷ്യന്റെ ഉത്ഭവം, പാപം, രക്ഷ, നിത്യത തുടങ്ങിയവയേക്കുറിച്ച് വിചിത്രമായ ഉപദേശങ്ങളാണ് ഇവർ പഠിപ്പിക്കുന്നത്. അമേരിക്കൻ ചരിത്രവുമായി ബന്ധപ്പെട്ട് അടിസ്ഥാന രഹിതങ്ങളായ കഥകൾ പ്രചരിപ്പിക്കുന്ന മൊർമോൺ സഭ ഏദെൻതോട്ടം അമേരിക്കയിലായിരുന്നെന്നും പുതിയ യെരൂശലേം അമേരിക്കയിലാകും സ്ഥാപിക്കപ്പെടുക എന്നും പഠിപ്പിക്കുന്നു. മനുഷ്യരുടെ ആത്മാക്കൾ ലോകാരംഭ കാലത്തുതന്നെ സൃഷ്ടിക്കപ്പെട്ടതാണെന്നും ഭൂമിയിൽ ജനിക്കാൻ ശരീരം ലഭിക്കാതെ ഈ ആത്മാക്കൾ സ്വർഗ്ഗത്തിലിരുന്നു കേഴുകയാണെന്നും മൊർമോൺ വിശ്വസിക്കുന്നു. ഈ ആത്മാക്കൾക്ക് ജനിക്കാൻ ശരീരം ഒരുക്കേണ്ടത് ഏവരുടേയും കടമയാണ്. കഴിയുന്നത്ര സ്ത്രീകളെ വിവാഹം കഴിച്ച് കുട്ടികൾക്കു ജൻമം കൊടുക്കുന്നതിലൂടെ ഇത് സാധിക്കാം. ഇങ്ങനെ ക്രിസ്തീയ വിശ്വാസവുമായി പുലബന്ധം പോലും ഇല്ലാത്ത വിശ്വാസാചാരങ്ങൾ വച്ചുപുലർത്തുന്നവരാണ് മൊർമോൺ സഭയെങ്കിലും ഇത് ക്രിസ്തുമതത്തിന്റെ അവാന്തരവിഭാഗങ്ങളിൽ ഒന്നാണെന്ന് തെറ്റിദ്ധരിക്കപ്പെടുന്നുണ്ട്.

# വരപ്രസാദം.....

6-ാം പേജിൽ നിന്ന്

എല്ലാവരുടേയും തലയിൽ കൈവച്ച് പ്രാർത്ഥിക്കുക. പിന്നീടുള്ള അര മണിക്കൂർ സമയം എന്താണു നടന്നതെന്ന് വിവരിക്കാൻ വാക്കുകൾ പോരാ. സ്ത്രീകളുടെ ഇടയിലേക്കു കയറിയ പാസ്റ്റർമാർ ശരിക്കും അഴിഞ്ഞാടി. ഫ്രീ ഫോർ ഓൾ എന്ന് ഇംഗ്ലീഷിൽ പറയുന്നതുപോലെയായിരുന്നു സംഭവം. ആനക്കൂട്ടം കരിമ്പിൻ കാട്ടിൽ കയറിയതുപോലെ ഓരോരുത്തരും തങ്ങൾക്കു ബോധിച്ചതെല്ലാം ചെയ്തു. അതിന്റെ വീഡിയോ എൻ.ടിവിക്കാരോ കൈരളിയോ എടുത്തിട്ടില്ലെന്ന് കരുതാം. അഥവാ, എടുത്തിട്ടുണ്ടെങ്കിൽ ദൈവജനം ലജ്ജിച്ച് തല താഴ്ത്തേണ്ടതായിവരും.

# ഇത് മറ്റൊരു സുവിശേഷം

തിരുവനന്തപുരത്തും പരിസരത്തുമുള്ള എല്ലാ ദൈവദാസൻമാരുടേയും അറിവിലേക്ക്,

ജയോത്സവം എന്ന പേരിൽ ഒരു സുവിശേഷയോഗം ഏതാനും ദിവസം മുൻപ് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ നടക്കുകയുണ്ടായല്ലോ. അതോടുള്ള ബന്ധത്തിൽ ചില കാര്യങ്ങൾ ഏവരുടേയും ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സുവിശേഷം അറിയിക്കുക എന്നത് ഏതു വിശ്വാസിയുടേയും കടമയാണ്. തിരുവനന്തപുരം നഗരത്തിൽ സുവിശേഷം അറിയിക്കേണ്ടത് തികച്ചും ആവശ്യവുമാണ്. എന്നാൽ ജയോത്സവമെന്ന പേരിൽ ഇവിടെ നടന്നത് സുവിശേഷയോഗമായിരുന്നോ എന്ന് പരിശോധിക്കേണ്ടതാണ്. കർത്താവായ യേശുക്രിസ്തുവിലൂടെ മാത്രം ലഭ്യമാകുന്ന നിത്യരക്ഷയേക്കുറിച്ച് പ്രസംഗിക്കുന്നതാണ് സുവിശേഷഘോഷണം. പക്ഷേ സത്യസുവിശേഷം ഒഴികെ എല്ലാം ഇവിടെ പ്രസംഗിക്കപ്പെട്ടു. മാമ്മോന്റെ സുവിശേഷമാണ് പ്രസംഗിക്കപ്പെട്ടത്. മഹത്വപ്പെട്ടത് ജീവനുള്ള ദൈവത്തിന്റെ നാമമല്ല സംഘാടകരുടെ നാമമാണ്.

ദൈവവചനത്തിലെ ഉപദേശ സത്യങ്ങളുമായി ഒരുവിധത്തിലും പൊരുത്തപ്പെടാത്ത ഉപദേശങ്ങളാണ് ഈ യോഗത്തിൽ മുഴങ്ങിയത്. എല്ലാവിധ ഭൗതീക അനുഗ്രഹങ്ങളും നൽകുന്ന ഒരു ദൈവത്തെയാണ് പ്രസംഗിച്ചത്. ഇത്തരം ഒരു വാഗ്ദത്തം ബൈബിൾ കാണുന്നില്ല. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വയ്ക്കാൻ ഉപദേശിച്ച കർത്താവായ യേശുക്രിസ്തു അന്നന്നത്തെ അപ്പത്തിനു വേണ്ടി പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. പക്ഷേ തിരുവനന്തപുരം നഗരത്തിൽ 50 സെന്റ് സ്ഥലം കൊടുക്കാമെന്നു വാക്കു പറഞ്ഞ കർത്താവിനെയാണ് സംഘാടകർ അവതരിപ്പിച്ചത്. ഇതിന് എത്രകോടി രൂപ വേണ്ടി വരുമെന്ന് ഊഹിക്കാവുന്നതാണ്. ഇതിനുള്ള പണം എവിടെനിന്നു വരുന്നു എന്നും ഇതിന്റെ കണക്കൊക്കെ സർക്കാരിന് കൊടുക്കുന്നുണ്ടോ എന്നുംകൂടി അറിയിച്ചാൽ നന്ന്.

ഈ യോഗത്തിന്റെ പരസ്യം വകയിൽ തന്നെ അനേകലക്ഷം രൂപ ചെലവായി. സ്റ്റേജ് ഒരുക്കാനും നല്ലൊരു തുക വേണ്ടിവന്നു എന്ന് വ്യക്തം. യോഗത്തിന്റെ പേരു സൂചിപ്പിക്കുന്നതുപോലെതന്നെ ഇത് ഒരു ഉത്സവമായിരുന്നു. പക്ഷേ ദൈവവചനം പരിശോധിച്ചാൽ സുവിശേഷഘോഷണം ഉത്സവമല്ല യുദ്ധമാണ് എന്നു മനസ്സിലാക്കാം. സാത്താനെതിരായുള്ള യുദ്ധമാണ് സുവിശഷഘോഷണം. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച പടിയാളികളാണ് യുദ്ധം ചെയ്യുന്നത്. പക്ഷേ അതൊന്നുമല്ല ഈ യോഗത്തിൽ നടന്നത്.

പ്രസംഗങ്ങളുടെ നിലവാരം നെല്ലിപ്പലകയിലും താഴെയായിരുന്നു. ഏറ്റവും അധികം ദോഷം ചെയ്തത് കെ.എ.ഏബ്രഹാമിന്റെ പ്രസംഗമാണ്. ദൈവവചനമെന്നപേരിൽ ഇദ്ദേഹം പറഞ്ഞ വിഡ്ഢിത്തങ്ങൾ കേട്ട് ഞാൻ ലജ്ജിച്ചുപോയി. പക്ഷേ കെ.എ.ഏബ്രഹാം പറഞ്ഞ ഓരോ വാചകത്തിനും ഹാലേലൂയ്യാ പറയാൻ ദൈവദാസൻമാരെന്നു പറയപ്പെടുന്നവർ മത്സരിക്കയായിരുന്നു. തെറ്റു മനസ്സിലാക്കാൻ ആളുണ്ടായില്ല. ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണിത്.

യോഗത്തിന്റെ അവസാന ഭാഗത്ത് ആരാധനയെന്ന പേരിൽ കാട്ടിക്കൂട്ടിയത് അങ്ങേയറ്റം ലജ്ജാകരമായ പരിപാടിയായിരുന്നു. അര മണിക്കൂറോളം സമയം ഏവരും അഴിഞ്ഞാടി. സ്ത്രീകളുടെ ഇടയിലേക്കു കടന്ന പാസ്റ്റർമാർ എന്തൊക്കെയാണു ചെയ്തതെന്നു പറയാൻ സദാചാരബോധം എന്നെ അനുവദിക്കുന്നില്ല. ഇത് ആരെങ്കിലും വീഡിയോ ആക്കി പ്രദർശിപ്പിച്ചിരുന്നെങ്കിൽ എല്ലാ ദൈവമക്കളും അപമാനഭാരം താങ്ങേണ്ടതായി വരുമായിരുന്നു.

സ്ത്രോത്രക്കാഴ്ച പിരിക്കുന്നതിനു മുന്നോടിയായി കെ.എ. ഏബ്രഹാം പറഞ്ഞ വ്യാജക്കഥ ഗുണത്തേക്കാളേറെ ദോഷം ചെയ്തു. എൻ.ടിവിക്കാർ അത് റിക്കാഡ് ചെയ്ത് കൈരളി ടി.വിയുടെ സാക്ഷി എന്ന പ്രോഗ്രാമിൽ പ്രദർശിപ്പിച്ചു. പണം പിരിക്കാനായി ഇത്തരം വ്യാജങ്ങൾ പറയുന്നത് ഒരുവിധത്തിലും അംഗീകരിക്കാനാവില്ല.

ആത്മീയജീവിതത്തിന്റെ പരമമായ ലക്ഷ്യം നിത്യജീവനാണ്. പക്ഷേ ഇന്ന് മിക്കവരും ഈ വസ്തുത മറന്നിരിക്കുന്നു. ഭൗതീകനേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞാൽ എല്ലാമായി എന്നാണ് ഇക്കൂട്ടരുടെ ധാരണ. അതിനായി അവർ എല്ലാവിധ തന്ത്രങ്ങളും പ്രയോഗിക്കുന്നു. ആത്മീയത വില്പനച്ചരക്കാക്കുന്നു. മറ്റൊരു സുവിശേഷം പ്രസംഗിക്കുന്നു. ഈ പോക്ക് അപകടത്തിലേക്കാണ്. ദൈവജനം സൂക്ഷിക്കുക.

എന്ന് നിങ്ങളുടെ സഹോദരൻ

സോളമൻ തോമസ്, എബനേസർ,
പൂച്ചെടിവിള, പട്ടം, തിരുവനന്തപുരം.
ഫോൺ: 9447411689

## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംക്ഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

RNI No. 68089 / 97
2008 February 1

THE DEFENDER

REGISTERED
KL/ALY/0031/2006-08

# സി.പി.മോനായി മറുപടി പറയണം

സുഭാഷിതത്തിന്റെ പത്രാധിപരായ സി.പി.മോനായിയേക്കുറിച്ച് പലപ്പോഴും ഡിഫെൻഡറിൽ എഴുതേണ്ടതായി വന്നിട്ടുണ്ട്. അത്യന്തം ഗുരുതരമായ പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടപ്പോഴാണ് എഴുതിയത്. ഡിഫെൻഡർ ഉന്നയിച്ച ഒരു പ്രശ്നത്തിനും മറുപടി പറയാൻ മോനായിക്ക് നാളിതുവരെ കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല മോനായിക്ക് അപമാനകരമായി എഴുതുന്നത് നിരോധിക്കണമെന്നാവശ്യപ്പെട്ട് മോനായി കോടതിയെ സമീപിക്കയാണ് ചെയ്തത്. പൊതുതാല്പര്യമുള്ള വസ്തുതകൾ എഴുതുന്നത് അപമാനകരമല്ലാത്തതിനാൽ ഡിഫെൻഡർ ഇപ്പോഴും മോനായിയേക്കുറിച്ച് എഴുതുന്നു.

ഡിഫെൻഡറിൽ വിമർശനവിധേയരാകുന്നവർക്ക് ഡിഫെൻഡറിലൂടെ മറുപടി പറയാൻ അവസരം നൽകാറുണ്ട്. മോനായിക്കും ഇപ്രകാരം മറുപടി പറയാമെങ്കിലും നാളിതുവരെ മോനായി അതിനു തയ്യാറായിട്ടില്ല. അതുകൊണ്ട് പൊതുതാല്പര്യമുള്ള ചില ചോദ്യങ്ങൾക്ക് മോനായി മറുപടി പറയണം. ഈ ചോദ്യങ്ങളിൽ ചിലത് വ്യക്തിപരമായ വിഷയങ്ങളുമായി ബന്ധപ്പെട്ടതാണ്. എങ്കിലും ഒരു പാസ്റ്ററായ മോനായിക്ക് വ്യക്തിജീവിതത്തിലും മാന്യത സൂക്ഷിക്കാൻ കടപ്പാടുണ്ട്. അതുകൊണ്ടാണ് വ്യക്തിപരമായ ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നത്.

1. നാളിതുവരെ മോനായിയേക്കുറിച്ചോ മോനായിയുടെ കുടുംബാംഗങ്ങളേക്കുറിച്ചോ ഡിഫെൻഡറിൽ എഴുതിയ ഏതെങ്കിലും കാര്യങ്ങൾ വസ്തുതാവിരുദ്ധമാണോ? ആണെങ്കിൽ തെളിവു സഹിതം അറിയിക്കുക.

2. മോനായിയുടെ പത്രത്തിന് അഞ്ചുലക്ഷം വായനക്കാരുണ്ടെന്ന് മോനായി എഴുതി. പിന്നീട് അത് ഒരുലക്ഷമായി കുറച്ചു. ഇതിൽ ഏതാണ് ശരി? രണ്ടും ശരിയാണെങ്കിൽ നാലുലക്ഷം വായനക്കാർ നഷ്ടമായതെങ്ങനെ?

3. മോനായിയുടെ പത്രത്തിന് കേവലം 2500 കോപ്പി മാത്രമാണുള്ളത് എന്നതിന് ഞങ്ങളുടെ കൈവശം തെളിവുണ്ട്. 2500 കോപ്പി മാത്രമുള്ള പത്രത്തിന് ഒരു ലക്ഷമോ അഞ്ചു ലക്ഷമോ വായനക്കാരുണ്ടായതെങ്ങനെ?

4. കേവലം ഒരു ബുക്ക്സ്റ്റാൾ മാത്രമുള്ള റീമ, ഇന്റർനാഷണലാണെന്നു പ്രചരിപ്പിക്കുന്നതിന്റെ ന്യായമെന്ത്?

5. മറ്റൊരാളുമായി ചേർന്ന് പങ്കുകച്ചവടമായി ആരംഭിച്ച റീമ എങ്ങനെയാണ് മോനായിയുടെ സ്വന്തമായത്? പങ്കു പിരിയാൻ ഇടയാക്കിയ സംഭവമെന്ത്?

6. ഞങ്ങളുടെ ചില പുസ്തകങ്ങൾ റീമയിൽ വില്പനയ്ക്ക് നൽകുവാനായി ചില വർഷങ്ങൾക്കുമുൻപ് ഞങ്ങൾ രണ്ടു വ്യക്തികളെ അയച്ചിരുന്നു. അവർ പുസ്തകം അവിടെ നൽകിയിട്ട് മടങ്ങിയെത്തുകയും ചെയ്തു. ആ ദിവസങ്ങളിൽ മോനായി ഗൾഫ് പര്യടനം നടത്തുകയായിരുന്നു. പുസ്തകം നൽകിയിട്ട് മടങ്ങിയെത്തിയവർ നൽകിയ റിപ്പോർട്ടിന്റെ ചുരുക്കം ഇതാണ്: തിരുവല്ല ഫെഡറൽ ബാങ്കിനു സമീപമുള്ള ഒരു കെട്ടിടത്തിന്റെ മുകളിലുള്ള നിലയിൽ പ്രവർത്തിച്ചിരുന്ന റീമയിൽ അവർ എത്തിയപ്പോൾ വാതിൽ അടഞ്ഞു കിടക്കുകയായിരുന്നു. അകത്ത് എ.സി പ്രവർത്തിച്ചിരുന്നതുകൊണ്ടാണ് വാതിൽ അടച്ചിരുന്നതെന്നു മനസ്സിലായി. പക്ഷേ വാതിൽ തള്ളിത്തുറന്ന് അവർ അകത്തു കടന്നപ്പോൾ ആരെയും കണ്ടില്ല. അതുകൊണ്ട് പിന്നിലുള്ള മുറിയിലേക്ക് അവർ എത്തിനോക്കി. അവിടെ കെ.സി. ജോണും മോനായിയുടെ ഭാര്യയായ സാലിയും ഉണ്ടായിരുന്നു. അവിടെ എന്താണു കണ്ടതെന്ന് അവർ വിശദീകരിച്ചു. പക്ഷേ സഭ്യമായ ഭാഷയിൽ അതു പറയാൻ ബുദ്ധിമുട്ടുള്ളതു കൊണ്ട് അല്പം വളച്ചുകെട്ടി പറയാം. വാത്സ്യായനകലയുടെ പ്രായോഗിക പരിശീലനമാണ് അവർ കണ്ടത്. ഇതിനു സമാനമായ ചില രംഗങ്ങൾ ബുക്ക് സ്റ്റാളിൽ കണ്ടതായി മറ്റു ചിലരും ഞങ്ങളെ പിന്നീട് അറിയിക്കയുണ്ടായി. ആവശ്യം വന്നാൽ ഏതു കോടതിയിലും വന്ന് സാക്ഷി പറയാൻ ഇവർ തയ്യാറുമാണ്. (അതുകൊണ്ടാണ് ഇത്ര ധൈര്യമായി ഇത് എഴുതുന്നത്.) ഇനി ചോദ്യം: കെ.സി.ജോണും സാലിയുമായി ഇത്തരം ബന്ധമുള്ളകാര്യം മോനായി അറിഞ്ഞിരുന്നോ? മോനായിയുടെ അറിവോടും സമ്മതത്തോടും കൂടിയാണോ ഇങ്ങനെയൊക്കെ നടക്കുന്നത്? ഐ.പി.സിയിലെ ഒരു പാസ്റ്ററുടെ ഭാര്യ ഐ.പി.സിയിലെ ഒരു പ്രധാനപ്പെട്ട നേതാവിനോടൊപ്പം ദുർന്നടപ്പാചരിക്കുന്നത് വ്യക്തിപരമായ പ്രശ്നമായി പരിഗണിക്കാൻ കഴിയുമോ? ഇത്തരം ഹീനകൃത്യം ചെയ്തവർക്ക് ഐ.പി.സിയുടെ നിയമപ്രകാരം എന്തു ശിക്ഷയാണ് നൽകുക? അതു നൽകിയോ?

7. മോനായിയും ഭാര്യയും റീഡേഴ്സുമായി സഹകരിച്ച് പ്രവർത്തിച്ചിരുന്ന കാലത്ത് ഉപവാസം എന്ന വിഷയത്തേക്കുറിച്ച് മോനായി എഴുതിയ പുസ്തകം മറ്റു ചിലർ എഴുതിയ ലേഖനങ്ങളുടെ കോപ്പിയടിയായിരുന്നു എന്നു കേട്ടിട്ടുണ്ട്. അതു ശരിയാണോ? ക്ഷമ പറഞ്ഞ് പുസ്തകം പിൻവലിച്ച് പ്രശ്നം തീർക്കുകയായിരുന്നില്ലേ? ആ സംഭവത്തോടെയല്ലേ മോനായിക്ക് മോഷണായി എന്ന പേരു കിട്ടിയത്?

8. മോനായിയുടെ വിദ്യാഭ്യാസ യോഗ്യത എന്ത്? പത്താംക്ലാസ്സ് പാസ്സായിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതു സ്ക്കൂളിൽ നിന്ന്? ഏതു വർഷം? എത്ര മാർക്ക് കിട്ടി?

9. ബാംഗ്ലൂരിലെ സയാക്സിൽ പഠിച്ചിരുന്ന മോനായി ഇടയ്ക്കു വെച്ച് പഠിത്തം നിർത്താൻ കാരണമെന്ത്? അതുമായി ബന്ധപ്പെട്ട് മോനായി ഇടിച്ചേറിയ നൈനാനെ ഭള്ളുപറഞ്ഞു നടക്കുന്നതിന്റെ കാരണമെന്ത്?

10. മോനായി എം.റ്റി.എച്ച് വരെ പഠിച്ചെന്നും ഇപ്പോൾ ഡോക്റ്ററേറ്റിന് പഠിക്കയാണെന്നും കേട്ടു. അതു ശരിയാണോ? ഏതു സ്ഥാപനത്തിൽ നിന്നാണ് എം.റ്റി.എച്ച് പാസ്സായത്? ഏതു സ്ഥാപനത്തിലാണ് ഡോക്റ്ററേറ്റിനു പഠിക്കുന്നത്?

11. മോനായി പണ്ട് ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡിൽ ആയിരുന്നല്ലോ. ആ പ്രസ്ഥാനവുമായുള്ള ബന്ധം വിടാൻ കാരണമെന്ത്?

12. മോനായി പണ്ട് കാക്കനാട്ട് സഭാശുശ്രൂഷ ചെയ്തിരുന്നല്ലോ. അവിടംവിടാൻ ഇടയാക്കിയ സംഭവമെന്ത്?

13. മോനായി തന്നെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു എന്നാരോപിച്ച് ഒരു സ്ത്രീ ഐ.പി.സി നേതൃത്വത്തിന് പരാതി നൽകിയിരുന്നല്ലോ. (ആ പരാതി ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നു). എന്താണ് യഥാർത്ഥത്തിൽ നടന്നത്? മോനായി ആ സ്ത്രീയെ കടന്നുപിടിച്ചോ?

14. മോനായിക്ക് തിരുവല്ല സെന്ററിൽ ഒരു സഭയും കിട്ടാതായതെങ്ങനെ?

15. മോനായിയുടെ അമ്മായിയപ്പന്റെ സെന്ററിൽ സഭയെന്ന പേരിന് അർഹതയുള്ള എത്ര കൂടിവരവുകളുണ്ട്? മോനായി അവിടെ സ്ഥാപിച്ച ബൈബിൾ കോളേജിന്റെ ബോർഡെങ്കിലും ഇപ്പോൾ ഉണ്ടോ? മോനായി ഏതു സഭയുടെ പാസ്റ്ററാണ്? ആ സഭയിൽ എത്ര അംഗങ്ങളുണ്ട്?

ഈ ചോദ്യങ്ങൾക്ക് മറുപടിയുണ്ടെങ്കിൽ എഴുതി അയച്ചുതരിക. വള്ളിപുള്ളി വിടാതെ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കാം. ഒരു കണ്ടീഷൻ മാത്രം. മോനായിയുടെ മറുപടിക്ക് മറുപടി പറയാനുള്ള സ്വാതന്ത്ര്യം ഡിഫെൻഡറിനുണ്ടായിരിക്കും.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan